

ജനുവരി

-2021-

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്, അയ്യന്തോൾ



ചെറുപുഷ്പം
ഗോൾഡ് ലോൺ
കുറഞ്ഞ ലാഭം
കൂടിയ അംഗീകാരം
കൂടുതൽ
വായ്പ
കുറഞ്ഞ
പലിശ
ഉയർന്ന
കാലാവധി
Olarikkara, Pullazhi P.O, Thrissur 680012
Ph : 2360846, 2360202, 2365890
Customer Care : 8547667788, 8547778899

# മരിയനാദം


സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ

**സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്**
**അയ്യന്തോൾ, തൃശ്ശൂർ – 680003**
**ഫോൺ: 0487 – 2360259**

**പുസ്തകം 27**
**ജനുവരി 2021**
**ലക്കം 1**


## ഈ ലക്കത്തിൽ


| | |
|---|---|
| എഡിറ്റോറിയൽ | 02 |
| ഇടയശബ്ദം | 03 |
| പ്രതിനിധിയോഗ തീരുമാനങ്ങൾ | 04 |
| കുടുംബകൂട്ടായ്മ വാർത്തകൾ | 05 |
| ഓർമ്മിക്കുക ആചരിക്കുക | 06 |
| മതബോധനവാർത്തകൾ | 07 |
| സി.എൽ.സി വാർത്തകൾ | 11 |
| മരിയനാദം വാർത്തകൾ | 15 |
| IT CELL വാർത്തകൾ | 16 |
| പുതുവത്സര ചിന്തകൾ | 17 |
| അന്ധന് കാഴ്ച | 18 |
| അനുകരണീയം | 19 |
| വിശ്വാസത്തോടെയുള്ള പ്രാർത്ഥനയുടെ ശക്തി | 20 |
| "ഫ്രത്തേലി തൂത്തി"യാകട്ടെ 2021 ന്റെ അജണ്ട | 21 |
| അനുഗ്രഹപൂമഴ | 22 |
| ഓസ്റ്റിയോ പൊറോസിസ് ഒരു നിശ്ശബ്ദ കൊലയാളി | 23 |
| ആശ്വാസതീരത്ത് | 26 |
| പ്രളയങ്ങളുടെ ഓർമ്മയ്ക്ക് പ്രളയം | 28 |
| ഞങ്ങൾ വരവായി | 29 |
| BIBLE QUIZ | 31 |
| അടിക്കുറിപ്പു മത്സരം | 32 |


## പത്രാധിപസമിതി


__ചീഫ് എഡിറ്റർ__
ഫാ. **ജോസഫ് അരാശ്ശേരി** +91 8156896900

__മാനേജിംഗ് എഡിറ്റർ__
ശ്രീ. **കെ.എ.മാത്യു** +91 9388842296

__അഡീഷണൽ മാനേജിംഗ് എഡിറ്റർ__
ശ്രീമതി **ത്രേസ്യാമ്മ ജേക്കബ് തോലത്ത്** +91 9447031220

__അസോസിയേറ്റ്ഡ് എഡിറ്റേഴ്സ്__
റവ. സി. **റെജിൻ റോസ് CHF** +91 9207552282
ശ്രീമതി. **ഗ്രേസി ജോണി വടക്കേത്തല** +91 8129978716
ശ്രീമതി. **ജെൻസി ജൂപ്പിറ്റർ തരകൻ** +91 9497061927
ശ്രീ. **ജെയ്സൺ കുള** +91 9495062073
ശ്രീ. **ടോണി തരകൻ** +91 9447728883
ശ്രീ. **സ്റ്റീഫൻ മാപ്രാണത്ത്** +91 9446336573
ശ്രീ. **യേശുദാസ് ടി.എസ്.** +91 9387806657
ശ്രീ. **മേജോ കെ.ജെ** +91 9847865010

__എക്സ് ഒഫിഷ്യോ മെമ്പർമാർ__
ശ്രീ. അഡ്വ. **നെറ്റോ നെല്ലിശ്ശേരി** +91 9847970504
(കേന്ദ്രസമിതി കൺവീനർ)
ശ്രീ. അഡ്വ. **ജോസ് ഡേവിസ്** +91 9961044725
(നടത്തുകൈക്കാരൻ)


## ഇടവക പള്ളിയിലെ വിശുദ്ധ കുർബ്ബാന സമയം

**ഞായറാഴ്ചയും സാധാരണ ദിവസങ്ങളിലും**
**6.30 a.m & 5.30 p.m.**

**നടത്തുകൈക്കാരൻ**
ശ്രീ. അഡ്വ. **ജോസ് ഡേവിസ്**
+91 9961044725

## പള്ളി ഓഫീസ് സമയം

**തിങ്കൾ മുതൽ ശനി വരെ** 7.00 a.m. - 8.30 a.m.
6.30 p.m. - 8.30 p.m.

**ഞായർ അവധി**

**കപ്യാർ: വിൽസൺ ആളൂർ കൊക്കൻ – +919745844551**




## 2021 പ്രതീക്ഷയുടെ വർഷം

മനുഷ്യരാശിയെ വളരെയേറെ ബുദ്ധിമുട്ടിച്ചിട്ടാണ് 2020 കടന്നുപോയത്. മഹാമാരിയുടെ വ്യാപനം, നമ്മെയൊക്കെ സാമ്പത്തികമായും മാനസികമായും തളർത്തിയ വർഷമാണ് 2020. മനുഷ്യന്റെ ജീവിതശൈലി തന്നെ മാറ്റപ്പെട്ടു. സാധാരണക്കാരന്റെ ജീവിതം ദുരിതപൂർണ്ണമാക്കിയാണ് 2020 കടന്നുപോകുന്നത്. വിപരീതസാഹചര്യങ്ങൾ നേരിടുവാനുള്ള മനുഷ്യന്റെ ആർജ്ജവത്തെയാണ് നാം കണ്ടത്.

കൊറോണ-19നെ നേരിടുവാനും പ്രതിരോധിക്കാനുമുള്ള വാക്സിനുകൾ 2021ൽ ഫലപ്രദമായി ഉപയോഗിക്കാനാകുമെന്ന പ്രതീക്ഷ നമുക്കു കരുത്തേകുന്നു. പല മരുന്നു കമ്പനികളും പരീക്ഷണത്തിന്റെ മൂന്നാം ഘട്ടത്തിലാണ്. കണക്കുകൂട്ടലുകൾ പിഴച്ചില്ലെങ്കിൽ 2021ൽ പ്രതിരോധകുത്തിവെയ്പ്പുകൾ വ്യാപകമാകുമെന്നു പ്രതീക്ഷിക്കാം.

കഴിഞ്ഞുപോയ വർഷത്തിന്റെ ദുഃഖങ്ങൾ മറക്കാനും; പ്രതീക്ഷയുടെ തേരിലേറി മുന്നോട്ടുപോകാനുമുള്ള ശക്തി നൽകുവാൻ നമുക്കു ദൈവത്തോടു പ്രാർത്ഥിക്കാം. കരുണാമയനായ ദൈവം നമ്മെ കൈവിടില്ലെന്ന് പ്രതീക്ഷിക്കാം.

പുതിയ വർഷത്തിന്റെ പ്രവേശനം സാദ്ധ്യമാക്കിയതിന് നമുക്ക് ദൈവത്തിനോടു നന്ദി പറയാം. കഴിഞ്ഞ കാലത്തെ വീഴ്ചകൾ നമുക്കു പാഠമാകട്ടെ. അനുഭവങ്ങൾ നമ്മെ ശരിയായ മാർഗ്ഗത്തിൽ ചരിയ്ക്കാൻ പ്രാപ്തരാക്കട്ടെ. ലോകസമാധാനത്തിനു ഭീഷണിയാകുന്ന പല കാര്യങ്ങളും വർദ്ധിച്ചുവരുന്ന ഈ കാലത്ത് സമൂഹനന്മലാക്കാക്കി; വ്യക്തി നവീകരണം അത്യാവശ്യമാണ്. സ്വാർത്ഥതാല്പര്യങ്ങൾ മുൻനിർത്തി നാം പ്രവർത്തിയ്ക്കുമ്പോൾ; സമൂഹത്തെ മറക്കുന്നു.

പുതുവത്സരത്തിൽ നല്ല നല്ല തീരുമാനങ്ങൾ കൈക്കൊള്ളാനും; അവയെ പ്രാപ്തമാക്കാനും നമുക്കു കഴിയട്ടെ, അതിനു വേണ്ട ദൈവകൃപയ്ക്കായി പ്രാർത്ഥിക്കാം. വി. സെബസ്ത്യാനോസിന്റെ തിരുനാൾ നമ്മൾ ജനുവരിയിൽ ആഘോഷിക്കുകയാണല്ലോ. വിശുദ്ധനോടു പ്രത്യേകം പ്രാർത്ഥിക്കാം; മഹാമാരിയിൽ നിന്നും കരകയറാൻ.

2021 സമാധാനത്തിന്റെയും; സമാശ്വാസത്തിന്റെയും വർഷമാകുമെന്നു പ്രതീക്ഷിയ്ക്കാം. എല്ലാവർക്കും സന്തോഷകരമായ പുതുവത്സരാശംസകൾ നേർന്നുകൊണ്ട്...

പത്രാധിപസമിതി

# ഇടയശബ്ദം



പുതുവർഷപ്പുലരിയിൽ ഏവർക്കും സമാധാനവും സമൃദ്ധിയും സന്തോഷവും നേരുന്നു. ക്രിസ്മസ് ദിനത്തിൽ മുഴങ്ങിക്കേട്ടത് 'അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതിയും മനുഷ്യർക്ക് സമാധാനവു'മാണ്. സമാധാനം സമത്വസൗന്ദര്യത്തിന്റെ സന്തതിയാണ്. മരുഭൂമിയിൽ ഉയരുന്ന സ്വരം എന്താണ്? താഴ്‌വരകൾ നികത്തപ്പെടും. മലകളും കുന്നുകളും താഴ്ത്തപ്പെടും. കുന്നും കുഴിയുമായ സ്ഥലങ്ങൾ നിരപ്പാകും. ദുർഘടപ്രദേശങ്ങൾ സമതലമാകും. മലയും കുന്നുമായാണ് ദൈവം ഭൂമിയെ സൃഷ്ടിച്ചത്. അതല്ല മാറേണ്ടത്. മാറേണ്ടത് മനുഷ്യനിലെ കുന്നും കുഴിയുമാണ്; ഉച്ചനീചത്വങ്ങൾ. ചിന്തയിലും പെരുമാറ്റത്തിലും വാങ്ങുന്നതിലും കൊടുക്കുന്നതിലും മനുഷ്യൻ കാണിക്കുന്ന ഉച്ചനീചത്വങ്ങൾ. പ്രഭുവിന് സോപാനത്തിൽ വിശ്രമിക്കാം. സാധുവിന് ദൂരെ മാറി നില്ക്കാം. ഈ രീതി മാറണം. പ്രഭുവിന് സാധുക്കളോടൊപ്പം സന്തോഷിക്കാൻ ഇവിടെ സമതലങ്ങൾ ഉണ്ടാകണം. ഇവിടെ സമത്വവും സാഹോദര്യവും സ്വാതന്ത്ര്യവും വേണം. സമതലങ്ങളിൽ വിടരുന്ന പൂവാണ് സമാധാനം. സമാധാനം ഉണ്ടെങ്കിൽ സമൃദ്ധിയും ഉണ്ടാകും. ഇത് രണ്ടും ചേരുമ്പോൾ സന്തോഷമായി. പുതുവർഷം നന്നാവാൻ നിങ്ങളുടെ കണ്ണിലെ ഗർവ് മാറ്റുവിൻ. കാഴ്ചപ്പാട് നന്നായാൽ ജീവിതം നന്നാവും. പുതുവത്സരത്തിൽ നമുക്ക് ജീവിതത്തെ നല്ലതാക്കാം.

സ്നേഹപൂർവ്വം
**ജോസഫച്ചൻ**

## 20.12.2020 ലെ പ്രതിനിധിയോഗ തീരുമാനങ്ങൾ

1. ഒക്ടോബർ, നവംബർ (2020) മാസത്തെ കണക്ക് വായിച്ചു പാസാക്കി.
2. ഡിസംബർ മാസത്തെ പെൻഷൻ നല്കുന്നതിന് മതിയായ ഫണ്ട് ഇല്ലാത്തതിനാൽ അപേക്ഷപ്രകാരം കുടുംബകൂട്ടായ്മ കേന്ദ്രസമിതിക്ക് 5000/- രൂപ അനുവദിച്ചു.
3. വാടകയ്ക്ക് നല്കിയിരിക്കുന്ന റൂമുകളുടെ വാടക Enhance ചെയ്യുന്നതിന്റെ തുടർനടപടികൾക്കും അഡ്വ. ജോയ് സെബാസ്റ്റ്യന് വാടകയ്ക്ക് നല്കിയിരിക്കുന്ന റൂമുകളുടെ കാര്യത്തിലും ഉചിതമായ തീരുമാനം സ്വീകരിക്കാൻ കൈക്കാരന്മാരെ ചുമതലപ്പെടുത്തി.
4. പള്ളിപരിസരത്തെ തേക്കിന്റേയും മറ്റും ചില്ല വെട്ടുന്നതിന്റെ ഇടയിൽ വീണ് പരിക്ക് പറ്റിയ കുമാറിന്റെ ചികിത്സാസഹായാർത്ഥം അടിയന്തിരമായി നല്കിയ 36,279/- രൂപ ഉൾപ്പെടെ പരമാവധി ഒരു ലക്ഷം രൂപ നല്കുവാൻ തീരുമാനിച്ചു. ആയതിന് കൈക്കാരന്മാരെ അധികാരപ്പെടുത്തി.
5. പള്ളിയുടെ പേരിൽ 10,000/- (പതിനായിരം) രൂപയിൽ കവിയാത്ത ഒരു മൊബൈൽ ഫോൺ വാങ്ങുവാൻ തീരുമാനമെടുത്തു. ഓൺലൈൻ Payment നടത്തുന്നതിന്റെ ഉത്തരവാദിത്വം അക്കൗണ്ടന്റിൽ നിക്ഷിപ്തമായിരിക്കും എന്നും ഏതെങ്കിലും Payment കൾ നടത്തുന്നതിന് നടത്തുകൈക്കാരന്റേയും ബഹു. വികാരിയച്ചന്റേയും രേഖാമൂലമുള്ള സമ്മതം വാങ്ങിയിരിക്കണം എന്നും നിശ്ചയിച്ചു.
6. പുതിയ പള്ളി പണിയുന്നതിനായി ഫണ്ട് സ്വരൂപിക്കുന്നതിനുവേണ്ടി ഒരു കൺസ്ട്രക്ഷൻ അക്കൗണ്ട് ബാങ്കിൽ തുടങ്ങുവാൻ തീരുമാനിച്ചു. പള്ളിയുടെ പേരിൽ നിലവിൽ ഉള്ള സംഖ്യയിൽ കൺസ്ട്രക്ഷൻ ഫണ്ടിലേക്ക് മാറ്റുവാൻ സാധിക്കുന്ന സംഖ്യകൾ ടി ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് തീരുമാനിച്ചു. ആയതിന് കൈക്കാരന്മാരെ ചുമതലപ്പെടുത്തി.
7. അട്ടിയിട്ട് വച്ചിട്ടുള്ള തേക്ക് വില്ക്കുന്നതിന് കൈക്കാരന്മാരെ ചുമതലപ്പെടുത്തി. ടി തുക കൺസ്ട്രക്ഷൻ ഫണ്ട് അക്കൗണ്ടിലേക്ക് വരവ് വയ്ക്കുന്നതിന് തീരുമാനിച്ചു.
8. പുതിയ പാരിഷ്ഹാൾ പെയിന്റ് ചെയ്യുന്നതിനും കോവിഡ് 19 ന്റെ സാഹചര്യത്തിൽ പള്ളി സാനിറ്റൈസ് ചെയ്യുന്നതിനും തീരുമാനിച്ചു. ആയതിന് കൈക്കാരന്മാരെ ചുമതലപ്പെടുത്തി.
9. 2020 ലെ ജനുവരി തിരുനാളിന്റെ ബാലൻസ് സംഖ്യയിൽനിന്ന് 1 ലക്ഷം രൂപ കൺസ്ട്രക്ഷൻ ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാൻ തീരുമാനിച്ചു.

# സ്നേഹസ്മരണ

**26-ാം ചരമവാർഷികം**





**13-ാം ചരമവാർഷികം**



**ആലപ്പാട്ട് മാടാനി അഗസ്തി മകൻ**

## റപ്പായി

ജനനം : 26.07.1922
മരണം : 27.01.1995

**ആലപ്പാട്ട് മാടാനി റപ്പായി ഭാര്യ**

## കുഞ്ഞിലകുട്ടി

ജനനം : 14.04.1932
മരണം : 21.01.2008

# സ്നേഹസ്മരണകളോ



കൊച്ചാപ്പു

1-ാം ചരമവാർഷികം

28.02.2021

11-ാം ചരമവാർഷികം

13.07.2021



തേയ്ക്കാനത്ത് കൊച്ചാപ്പു മകൻ

**ജോസ്**



തേയ്ക്കാനത്ത് കൊച്ചാപ്പു മകൻ

**റപ്പായി**

സെന്റ് ആന്റണീസ് യൂണിറ്റ്

ടെ കുടുംബാംഗങ്ങൾ



മറിയം

7-ാം ചരമവാർഷികം
26.01.2021





തേയ്ക്കാനത്ത് കൊച്ചാപ്പു മകൻ
## ദേവസ്സി

ജനനം : 09.02.1946 മരണം : 26.01.2014

# സ്നേഹസ്മരണ

## 17-ാം ചരമവാർഷികം



**ലെക്കേക്കിൽ വാറപ്പൻ തോമസ്**

ജനനം : 30.01.1923

മരണം : 15.01.2004

## 28-ാം ചരമവാർഷികം



**ലെക്കേക്കിൽ തോമസ് ഭാര്യ മാത്തിരി**

ജനനം : 26.09.1926

മരണം : 09.09.1993

St. Alphonsa Unit

10. കോവിഡ് 19 ന്റെ പ്രത്യേക സാഹചര്യത്തിൽ 2021 ജനുവരി തിരുനാൾ നടത്തുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമാവാതെ വരുന്ന സാഹചര്യത്തിൽ ടി സംഖ്യ അപേക്ഷപ്രകാരം പള്ളിയിൽനിന്ന് നൽകാൻ തീരുമാനിച്ചു.

11. ഐ.ടി സെല്ലിന് ഒരു പെർമനെന്റ് കമ്മിറ്റിയെ തിരഞ്ഞെടുത്തു. ബഹു. വികാരിയച്ചനും നടത്തുകൈക്കാരനും എക്സ് ഒഫിഷ്യോ മെമ്പർമാരായിരിക്കും. ഐ.ടി സെല്ലിന്റെ കമ്മിറ്റിയുടെ കാലാവുധി പ്രതിനിധിയോഗത്തിന്റെ കാലാവുധിയായിരിക്കും. കമ്മിറ്റിയിലെ അംഗങ്ങൾ താഴെ പറയുന്നവരായിരിക്കും.

    1. അഡ്വ. ജോസ് ഡേവിസ്
    2. അഡ്വ. ജോഷി പാച്ചൻ
    3. ശ്രീ. ജോസഫ് മുണ്ടശ്ശേരി
    4. ശ്രീ. ആന്റോ ഇഞ്ചോടിക്കാരൻ
    5. ശ്രീ. മേജോ കെ. ജെ.
    6. ശ്രീ. സുരേഷ് ജേക്കബ്
    7. ശ്രീ. സെബാസ്റ്റ്യൻ തോമസ്
    8. ശ്രീ. ജോഫിൻ ജോൺ കൊളങ്ങര
    9. ശ്രീ. ഗോഡ്വിൻ സൈമൺ
    10. ശ്രീ. സാൻജോ സൈമൺ

ഐ.ടി. സെല്ലിന്റെ അഡ്മിൻ ശ്രീ. മേജോ കെ.ജെ. ആയിരിക്കും.

## കുടുംബകൂട്ടായ്മ വാർത്തകൾ

കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ ആഭിമുഖ്യത്തിൽ 2020 ഡിസംബർ മാസം 24-ാം തിയ്യതി വൈകീട്ട് 7 മണിക്ക് യൂണിറ്റ് തലത്തിൽ പുൽകൂട് മത്സരം നടത്തി. മത്സര വിജയികൾ

ഒന്നാം സമ്മാനം - സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്
രണ്ടാം സമ്മാനം - സെന്റ് സേവ്യയർ യൂണിറ്റ്
മൂന്നാ സമ്മാനം - സെന്റ് മേരീസ് യൂണിറ്റ്

**അഡ്വ. നെറ്റോ നെല്ലിശ്ശേരി**
കേന്ദ്രസമിതി കൺവീനർ



# ഓർമ്മിക്കുക ആചരിക്കുക

| | | |
|---|---|---|
| 1.1.2021 | വെള്ളി | പുതുവത്സരാശംസകൾ |
| 2.1.2021 | ശനി | വി. ചാവറ കുരിയാക്കോസ് ഏലിയാസ് |
| 4.1.2021 | തിങ്കൾ | വി. എലിസബത്ത് |
| 5.1.2021 | ചൊവ്വ | വി. ജോൺ നോയിമാൻ |
| 6.1.2021 | ബുധൻ | ദനഹ തിരുനാൾ |
| 7.1.2021 | വ്യാഴം | വി. റെയ്മണ്ട് |
| 8.1.2021 | വെള്ളി | വി. ക്ളൗഡിയൂസ് |
| 11.1.2021 | തിങ്കൾ | വി. തെയോഡോഷ്യസ് |
| 13.1.2021 | ബുധൻ | വി. ഹിലരി |
| 14.1.2021 | വ്യാഴം | വാഴ്ത്തപ്പെട്ട ദേവസഹായം പിള്ള |
| 15.1.2021 | വെള്ളി | വി. മക്കാരിയൂസ് |
| 16.1.2021 | ശനി | ജോസഫ് വാസ് |
| 19.1.2021 | ചൊവ്വ | വി. മാരിയൂസ് |
| 20.1.2021 | ബുധൻ | വി. സെബസ്ത്യാനോസ് |
| 21.1.2021 | വ്യാഴം | വി. ആഗ്നസ് |
| 22.1.2021 | വെള്ളി | വി. വിൻസെന്റ് |
| 23.1.2021 | ശനി | വി. വിൻസെന്റ് പള്ളോട്ടി |
| 24.12021 | ഞായർ | തിരുനാൾ കൊടിയേറ്റം |
| 26.1.2021 | ചൊവ്വ | റിപ്പബ്ലിക് ദിനം |
| 28.1.2021 | വ്യാഴം | വി. തോമസ് അക്വീനാസ് |
| 29.01.2021 | വെള്ളി | വി. എസ്തപ്പാനോസ് |
| 30.1.2021 | ശനി | യൂണിറ്റുകളിലേക്ക് അമ്പെഴുന്നള്ളിപ്പ്, തിരുനാൾ കൂടുതുറക്കൽ |
| 31.1.2021 | ഞായർ | ഇടവക തിരുനാൾ |



# മതബോധന വാർത്തകൾ

സ്നേഹമുള്ള മതാദ്ധ്യാപകരെ, മതബോധന വിദ്യാർത്ഥിക ളെ, മാതാപിതാക്കളെ....,

പരീക്ഷകൾ നന്നായി എഴുതി നല്ല മാർക്ക് എല്ലാവരും വാങ്ങി യിട്ടുണ്ടാകും. നിങ്ങൾ ഒരുക്കിയ സമ്മാനങ്ങൾ ഉണ്ണീശോയ്ക്ക് ഒത്തിരി ഇഷ്ടമായി കാണും. മതബോധയൂണിറ്റിൽ വെച്ചുള്ള ക്രിസ്മസ് ആഘോഷങ്ങൾ നഷ്ടമായിപ്പോയി, സാരമില്ല. അടുത്ത കൊല്ലം നമുക്ക് നന്നായി ആഘോഷിക്കാം. നിങ്ങളുടെ ഭവനങ്ങ ളിൽ സാധാരണ ഉണ്ടാകാറുള്ള ആഘോഷങ്ങൾ എല്ലാം ഉണ്ടാ യിക്കാണുമെന്ന് വിശ്വസിക്കട്ടെ. ക്രിസ്തുമസ് കാർഡ് മത്സരത്തിൽ പങ്കെടുത്ത് സമ്മാനങ്ങൾ നേടിയ മതബോധന വിദ്യാർത്ഥിക ളേയും കൂടുതൽ കാർഡുകൾ ഉണ്ടാക്കി സമ്മാനം നേടിയ ക്ലാസു കളേയും, അദ്ധ്യാപകരേയും, പ്രോത്സാഹനം നൽകിയ മാതാപി താക്കളേയും പ്രത്യേകമായി അഭിനന്ദിക്കുന്നു. അദ്ധ്യാപകരുടെ ലളിതമായ ക്രിസ്തുമസ് ആഘോഷം വികാരിയച്ചന്റെ സാന്നിധ്യ ത്തിൽ ചെറിയ പാരീഷിഹാളിൽവെച്ച് നടത്തി. സഹകരിച്ച എല്ലാ വർക്കും നന്ദി. 2020 വർഷത്തിൽ ദൈവം നമുക്ക് നൽകിയ എല്ലാ അനുഗ്രഹങ്ങൾക്കും നന്ദി പ്രകാശിപ്പിക്കാം.

പുതുവർഷപ്പുലരിയ്ക്കായി എല്ലാവരും കാത്തിരിക്കുകയാണ്. നിങ്ങളുടെ പുത്തൻ തീരുമാനങ്ങൾ പൂവണിയുവാൻ സർവ്വേശ്വ രൻ നിങ്ങളെ അനുഗ്രഹിക്കട്ടെ. 9-ാം പീയൂസ് പാപ്പ ആഗോള സഭയുടെ മദ്ധ്യസ്ഥനായി യൗസേപ്പ് പിതാവിനെ പ്രഖ്യാപിച്ചതിന്റെ 150-ാം വാർഷികം പ്രമാണിച്ച് 2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ വി. യൗസേപ്പ് പിതാവിന്റെ വർഷമായി ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ചിരിക്കുകയാണ് നൽമരണ മദ്ധ്യസ്ഥ നും, കുടുംബങ്ങളുടെ മദ്ധ്യസ്ഥനുമായ വി. യൗസേപ്പ്പിതാവിൽ നമുക്ക് പ്രത്യാശ അർപ്പിക്കാം.

പകർച്ചവ്യാധികളുടെ മദ്ധ്യസ്ഥനായ വി. സെബസ്ത്യാനോ സിന്റെ തിരുനാളിന് ഒരുങ്ങാം. "കോവിഡ്-19" മഹാമാരിയിൽ നിന്നും ലോകമെമ്പാടുമുള്ള എല്ലാ മനുഷ്യർക്കും സൗഖ്യവും സംര

ക്ഷണവും നൽകി അനുഗ്രഹിക്കണമെന്ന് വിശുദ്ധനോട് പ്രാർത്ഥിക്കാം. “കോവിഡ് വാക്സിൻ” എല്ലാവർക്കും ലഭ്യമാകും. പുതുവർഷത്തിൽ സാധാരണ ജീവിതത്തിലേയ്ക്ക് മടങ്ങിവരുവാൻ സർവ്വേശ്വരൻ നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. 2019-2020 വർഷത്തിലെ മുഴുവൻ ഹാജർ നേടിയ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഒന്നും രണ്ടും സമ്മാനങ്ങൾ നേടിയ മതബോധനവിദ്യാർത്ഥികളുടെ പേരുവിവരം പ്രസിദ്ധീകരിക്കുന്നുണ്ട്. എല്ലാവർക്കും അഭിനന്ദനങ്ങൾ.

പുതിയ വർഷത്തിൽ പുത്തൻ പ്രതീക്ഷകളോടെ ഒരുമിച്ച് മുന്നേറാം, സർവ്വവിധ മംഗളങ്ങളും നേർന്നുകൊള്ളുന്നു.

**ബിൽസി ഫ്രാൻസീസ്**
പ്രിൻസിപ്പാൾ

## Full attendance (Teachers) 2019-2020

1. Bilsy Francis
2. Viji K Rapheal
3. Baby Johny
4. Mercy Vincent
5. Mary Raju
6. Linto Franko
7. George Thomas
8. Jaison K.J.
9. Jose Davis
10. Jain Varghese

## Full Attendance (Students) 2019-2020

| Sl. No. | Class | Name |
|---|---|---|
| 1 | 1A | Catherine C Jose |
| 2 | 1B | Anliya J Kunnath |
| 3 | 1B | Anliya Tony |
| 4 | 2 | Cyril M Jomon |
| 5 | 2 | Joseph George |

പാവനസ്മരണയ്ക്ക്

13–ാം ചരമവാർഷികം
13.01.2021

8–ാം ചരമവാർഷികം
06.07.2021







വടക്കൻ അന്തോണി മകൻ
ഔസേപ്പ്



വടക്കൻ ഔസേപ്പ് ഭാര്യ
ഏല്യ

# വേർപാടിന്റെ 3–ാം വർഷം

18.01.2021



വടക്കൻ ഷാജു മകൻ

# അമൽ ജോസഫ്

ജനനം
08.12.2001

മരണം
18.01.2018

പ്രാർത്ഥനാപൂർവ്വം

അപ്പാപ്പൻ, അമ്മാമ, അപ്പച്ചൻ, അമ്മച്ചി, ചേട്ടൻ & കുഞ്ഞാവ

സെന്റ് ആന്റണീസ് യൂണിറ്റ്


6-ാം ചരമവാർഷികം
29.03.2021
27.01.2021
പുളിക്കൻ ദേവസ്സി മകൻ
ജോസ്
ജനനം : 11.02.1948
മരണം : 29.03.2015
പുളിക്കൻ ജോസ് ഭാര്യ
അൽഫോൺസ
ജനനം : 18.12.1951
മരണം : 27.01.2015
കുടുംബാംഗങ്ങൾ
ലിറ്റിൽ ഫ്ളവർ യൂണിറ്റ്

# 4-ാം ചരമവാർഷികം

# അഡ്വ. ടി. ജി. ജോൺ

(പരേതനായ അഡ്വ.ടി.എൽ.ജോർജ്ജ് മകൻ)

**(തോട്ടാൻ ഹൗസ്)**

(സെന്റ്. തോമസ് യൂണിറ്റ്)



**(07-06-1925 TO 22-01-2017)**

പ്രാർത്ഥനാപൂർവ്വം ഭാര്യ. അന്നകുട്ടി ജോൺ (പൈനാടത്ത്), കറുകുറ്റി

മക്കൾ/ പേരമക്കൾ/ കൊച്ചുമക്കൾ

എഞ്ചി. ജോർജ്ജ് ജോൺ – സിൽവി ജോർജ്ജ്

ഡോ. ജീതു ജോൺ – അഡ്വ. ബിയ ജീതു, ജൊനെയ്സ്

ഡോ. ഹിമ ജോൺ – ഡോ. ജോൺ ജോണി മഞ്ഞളി, ആരിൻ, കേറ്റലിൻ (മണ്ണാർക്കാട്)

ഡോ. ജോസഫ് ടി. ജോൺ (അമല മെഡിക്കൽ കോളേജ്)

ഗ്രീറ്റ ജോർജ്ജ് – ഡോ. ജോർജ്ജ് ജോസഫ് മംഗലി (ഷാർജ)

എഞ്ചി: ടിന മാത്യു – എഞ്ചി: മാത്യു ജോസഫ് കോട്ടൂരാൻ, റയൺ, റിവാൻ (ദുബായ്)

ഡോ. ഗ്രീഷ്മ ഫിലിപ്സ് – ഡോ. ഫിലിപ്സ് ഏന്റണി കന്യാംപ്ലാക്കൽ, ടോണിയോ (മംഗലാപുരം)

| | | |
|---|---|---|
| 6 | 2 | Anitta Prince |
| 7 | 3 | Jovan J Alappat |
| 8 | 3 | Aiswarya Benchamin |
| 9 | 4A | Rohan J Palathingal |
| 10 | 4A | Athul Vinodh |
| 11 | 4A | Irine Shiju |
| 12 | 4A | Ashna K.L. |
| 13 | 4A | Shiyon Shaju |
| 14 | 4B | Emanuel P.S. |
| 15 | 4B | Chris Antony Tomy |
| 16 | 4B | Aliya Shaju |
| 17 | 4B | Nazeen Thomas |
| 18 | 5 | Evien Santhosh |
| 19 | 5 | Cera Rose |
| 20 | 5 | Jenna Mary Joby |
| 21 | 5 | Jesslin johnson |
| 22 | 6A | Altrin Rafi Delson |
| 23 | 6A | Anna Maria Suresh Babu |
| 24 | 6A | Evelyn Leonie |
| 25 | 6A | Smiya Mariya Jomy |
| 26 | 6B | Alvin Shiju |
| 27 | 6B | Angel Rose P.J. |
| 28 | 7 | Daniel B.S. |
| 29 | 7 | Evanjalo Jose Chalissery |
| 30 | 7 | Samuel Roby |
| 31 | 7 | Irine N.D. |
| 32 | 7 | Jacqueline Johny |
| 33 | 8A | Collins Antony |
| 34 | 8A | Anna Joseph |
| 35 | 8A | Jenessa Grace Leo |
| 36 | 8B | Austin Davi Delson |
| 37 | 8B | Ann Theresa George |
| 38 | 8B | Jency Rose Jenson |
| 39 | 8B | Jevitta Jojan |
| 40 | 8B | Riya Sajeesh Panakkal |

| | | |
|---|---|---|
| 41 | 9 | Abin Babu |
| 42 | 9 | Jinil Joshy |
| 43 | 9 | Joel Shaju |
| 44 | 9 | Zephin Pulickan |
| 45 | 9 | Aneena J Kunnath |
| 46 | 9 | Christeena Biju |
| 47 | 9 | Jessica Mariya Johnson |
| 48 | 9 | Jismi A.F. |
| 49 | 10 | Abel Shiju |
| 50 | 10 | Dev Paul Joy K |
| 51 | 10 | Agna K.L. |
| 52 | 11 | Deva Prathap Joy K |
| 53 | 11 | Febin A.F. |
| 54 | 11 | Angel Jose Emmatty |
| 55 | 11 | Emil K Paul |
| 56 | 11 | Jeenat Dominic |
| 57 | 12 | Albin Joseph K |
| 58 | 12 | Brainy Babu |
| 59 | 12 | Jisma C.A. |

## Rank Sheet 2019-2020

| Class | First Rank | Second Rank |
|---|---|---|
| 1A | Catherine C Jose | Melwish Tony |
| 1B | Aaroha C Bijoy | Andrea Fready |
| 2 A | Joseph George<br>Anitta Prince | Theresa Linto |
| 3A | Jovan J Alappat | Emin Jos Denny<br>Ashlin Johny |
| 4A | Rohan J Palathingal | Athul Vinodh |
| 4B | Emmanuel P.S. | Avin Tharayil |
| 5A | Jenna Mary Joby | Haze Sejo |
| 6A | Aidan Rose P.J. | Anna Maria Suresh Babu |
| 7A | Jacquleine Johny | Irine N.D. |

| | | |
|---|---|---|
| | | Snigdha Theres |
| 8A | Anna Joseph K | Aleena Joby |
| 8B | Ann Theresa George | Jency Rose Jenson |
| 9 | Christeena Biju | Niya Rose Wilson |
| 10 | Dev Paul Joy K | Steve John Roy |
| | | Angel Jenson |
| 11 | Devaprathab Joy K | Rose Mary V.S. |
| 12 | Annmary Alappat | Pious Tony C |

# സി.എൽ.സി വാർത്തകൾ

കോവിഡ്-19 രോഗവ്യാപനം മൂലം സംഘടനാ പ്രവർത്തനങ്ങൾ ദുഷ്കരമായിരുന്ന കാലഘട്ടത്തിൽ പൊതുയോഗങ്ങളെയും മീറ്റിംഗുകളേയും കുറിച്ച് ആരും ചിന്തിക്കാൻ പോലും മടിച്ചുനിന്ന കാലത്ത് സി.എൽ.സി. അംഗങ്ങൾ 2020 മാർച്ച് മാസം മുതൽ തന്നെ സാധാരണഗതിയിലുള്ള മീറ്റിംഗ് ഓൺലൈൻ സാങ്കേതിക വിദ്യയുടെ സഹായത്തോടെ നടത്തി. സാധാരണ യോഗങ്ങളിൽ പതിവുള്ള കാര്യങ്ങൾ എല്ലാം തന്നെ ഓൺലൈൻ യോഗത്തിലും ഉൾക്കൊള്ളിക്കാൻ കഴിയുകയും ഓൺലൈനായി തന്നെ കൂടുതൽ മത്സരങ്ങളും പ്രവർത്തനങ്ങളും സംഘടിപ്പിച്ച് സംഘടനാപ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ തീരുമാനിക്കുകയും ചെയ്തു.

ആയതിന്റെ അടിസ്ഥാനത്തിൽ ഇടവകയെക്കുറിച്ചും സഭയെക്കുറിച്ചും കൂടുതൽ കാര്യങ്ങൾ അറിയുവാനായി ഇടവകാടിസ്ഥാനത്തിൽ 'പാരിഷ് ക്വിസ് 2020' നടത്തുകയും ചെയ്തു. രണ്ട് വിഭാഗങ്ങളിലായി നടത്തിയ മത്സരം, ഇടവക ചരിത്രത്തിനും, വി. ഗ്രന്ഥത്തിനും സഭാ പൊതുവിജ്ഞാനത്തിനും ഊന്നൽ നൽകുന്നവയായിരുന്നു.

സി.എൽ.സി. അംഗങ്ങൾ സാമൂഹ്യമാധ്യമങ്ങളിലൂടെ ആശംസ അർപ്പിക്കുകയും ഇടവകയിലെ യുവജനങ്ങൾക്കിടയിൽ ശക്തി ആർജ്ജിക്കുകയും ചെയ്തു.

പരിസ്ഥിതിദിനത്തോടനുബന്ധിച്ച് തൃശൂർ അതിരൂപത സംഘടിപ്പിച്ച "My tree challenge"ൽ നമ്മുടെ സി.എൽ.സി യൂണിറ്റ് പങ്കെടുക്കുകയും 15 വൃക്ഷത്തൈകൾ നട്ട് ബെസലിക്ക ഫൊറോനയിൽ ഒന്നാംസ്ഥാനം നേടുകയും ചെയ്തു.

തൃശൂർ അതിരൂപത 'മരിയോത്സവം 2020' എന്ന പേരിൽ കലാസാഹിത്യമത്സരങ്ങൾ നടത്താൻ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ അതിനുമുന്നോ

ടിയായി ഇടവക അടിസ്ഥാനത്തിൽ മരിയോത്സവം നടത്താൻ അയ്യന്തോൾ സി.എൽ.സി. തീരുമാനിക്കുകയും ചെയ്തു. 10 മത്സരങ്ങളാണ് ഇടവകാടിസ്ഥാനത്തിൽ സംഘടിപ്പിച്ചത്. എങ്കിലും അതിരൂപതാടിസ്ഥാനത്തിൽ മുഴുവൻ 11 മത്സരങ്ങളിലും മത്സരാർത്ഥികളെ പങ്കെടുപ്പിക്കുവാൻ സി.എൽ.സി.യ്ക്ക് കഴിഞ്ഞത് വലിയ നേട്ടമായി.

സെന്റ് ഇഗ്നേഷ്യസ് ലയോള ദിനത്തോടനുബന്ധിച്ച് സി.എൽ.സി. പതാകദിനമായി ആചരിക്കുകയും പതാക ഉയർത്തുകയും പ്രസിഡന്റ് പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും ചെയ്തു. ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഒട്ടും ശോഭകുറയ്ക്കാതെ മരിയൻ പെയ്ന്റിംഗ് മത്സരം സംഘടിപ്പിക്കാനും അത് ഓൺലൈനായി എല്ലാവരിലേക്കും എത്തിക്കുന്നതിനും തീരുമാനിച്ചു. ആയതിന്റെ വെളിച്ചത്തിൽ മൂന്ന് വിഭാഗങ്ങളായി മത്സരം സംഘടിപ്പിക്കുകയും അത് എല്ലാവരിലേക്കും PDF രൂപത്തിൽ എത്തിക്കുകയും ചെയ്തു.

ആഗസ്റ്റ് 15 നമ്മുടെ ഇടവകമദ്ധ്യസ്ഥയുടെ തിരുന്നാൾദിനം പതിവുപോലെ പതാക ഉയർത്തുകയും സി.എൽ.സി ഗ്രോട്ടോയിൽ അംഗങ്ങൾ ഒത്തുചേരുകയും ചെയ്തു. തിരുനാൾദിനം ഇടവകാംഗങ്ങൾ ദേവാലയത്തിലേക്ക് വരുന്നതുകൊണ്ട് തന്നെ ഓട്ടോമാറ്റിക് സാനിറ്റൈസറും സാനിറ്റൈസർ ബാരിയറും അംഗങ്ങൾ നിർമ്മിക്കുകയും പള്ളിയിൽ സ്ഥാപിക്കുകയും ചെയ്തു.

ഓണാഘോഷത്തോടനുബന്ധിച്ച് അംഗങ്ങൾ എല്ലാവരും ചേർന്ന് പൂവർഫണ്ട് സ്വരൂപീകരിക്കുകയും ഉത്രാടനാളിൽ രാമവർമപുരത്തും വടൂക്കരയും ഉള്ള ക്രൈസ്റ്റ് വില്ല, സ്നേഹാരാം എന്നിവിടങ്ങളിലേക്ക് 200 കി.ഗ്രാം അരി വിതരണം ചെയ്യുകയും ചെയ്തു. ഇത്തരത്തിലുള്ള ചാരിറ്റി പ്രവർത്തനങ്ങൾ തുടർന്നുകൊണ്ട് പോകാൻ സി.എൽ.സി മീറ്റിംഗിൽ തീരുമാനിച്ചു.

ഓഗസ്റ്റ് മാസത്തിൽ തന്നെ അംഗങ്ങൾ ചേർന്ന് ബുധനാഴ്ചകളിൽ വൈകുന്നേരം ദേവാലയത്തിൽ ഒത്തുചേരാൻ തീരുമാനിക്കുകയും ജപമാല ചൊല്ലി ഇടവകയേയും സംഘടനാപ്രവർത്തനങ്ങളേയും സമർപ്പിച്ച് പ്രാർത്ഥിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഓഗസ്റ്റ് 1 മുതൽ ജപമാല ആരംഭിക്കുകയും ഇന്നും ബുധനാഴ്ചകളിൽ അത് തുടർന്നുപോവുകയും ചെയ്യുന്നു. ജപമാല മാസ സമാപനത്തോടനുബന്ധിച്ച് ചിരാതുകൾ കൊണ്ട് കൊന്താകൃതിയിൽ നിർമ്മിക്കുകയും അംഗങ്ങൾ ഒത്തുചേരുകയും ചെയ്തു.

ശിശുദിനത്തോടനുബന്ധിച്ച് ഇടവകയിലെ കുഞ്ഞുകുട്ടികൾക്കുവേണ്ടി 'കുഞ്ഞുചാച്ചാജി' എന്ന പേരിൽ ഓൺലൈനായി ഫാൻസി ഡ്രസ് മത്സരം സംഘടിപ്പിക്കുകയും ചെയ്തു. ക്രിസ്തുമസിനോടനുബ

ഡിച്ച് അംഗങ്ങൾ എല്ലാവരും ചേർന്ന് നക്ഷത്രം നിർമ്മിക്കുകയും ഡിസംബർ 1ന് പള്ളിയിൽ അത് പ്രദർശിപ്പിക്കുകയും ചെയ്തു.

ഈ കൊറോണ കാലഘട്ടത്തിലും ഏറെ പ്രതിസന്ധികൾ നേരിടേണ്ടി വന്നിട്ടും ഇടവകയിലെ പ്രവർത്തനങ്ങളിൽ സജീവമായി പങ്കാളികളാവാൻ അംഗങ്ങൾ എന്നും ശ്രദ്ധ പുലർത്തിയിരുന്നു. സി.എൽ.സി. അയ്യന്തോൾ സംഘടിപ്പിച്ച എല്ലാ മത്സരങ്ങളുടേയും വിജയികൾക്ക് തിരുവോണ നാളിൽ വികാരിയച്ചൻ നേരിട്ട് അനുമോദനം അർപ്പിക്കുകയും സമ്മാനദാനം നിർവ്വഹിക്കുകയും ചെയ്തു. ഈ പ്രവർത്തനങ്ങളിൽ ഞങ്ങളോടൊപ്പം പ്രവർത്തിച്ച വികാരിയച്ചനെയും ആനിമേറ്റർ സിസ്റ്ററിനെയും സ്നേഹത്തോടെ ഓർക്കുന്നു.

എന്ന്,

സെക്രട്ടറി

**ആഗ്ന കെ.എൽ.**

**1. Parish quiz**

Parish members

Under 20 & above 20

Questions from parish history

Holy Bible

GK on catholic church

**വിജയികൾ**

Under 20 - എമിൻ സന്തോഷ്

Above 20 - അഞ്ജു മരിയ ഷാജു

**2. 12th Catechism Topper**

ആൻ മേരി ആലപ്പാട്ട്

**3. 10th Full A+ Prize**

അഞ്ജന ടി.ജെ.

എയ്ഞ്ചൽ ജെൻസൻ

**4. Online മരിയൻ പെയ്ന്റിംഗ് മത്സരം**

Parish Members

5-12 - മിൽന ടോണി

13-20 - ജെനീറ്റാ ഡെമ്നിക്ക്

21 - സൗരഭ് വിൻസൻ

**5. മരിയോത്സവം-2020 ഇടവകാടിസ്ഥാനത്തിൽ**

**സാഹിത്യം + കല**

| | |
|---|---|
| കഥാരചന | - അബിൻ സാബുരാജ് |
| കാർട്ടൂൺ | - ജോസഫ് ഗബ്രിയേൽ |
| കവിതാരചന | - അഞ്ജന ടി.ജെ. |
| പെൻസിൽ ഡ്രോയിംഗ് | - ഷിലിൻ ജോഷി |
| ഉപന്യാസം | - അബിൻ സാബുരാജ് |

**കല**

| | |
|---|---|
| ലളിതഗാനം | - അഞ്ജു മരിയ ഷാജു |
| മോണോ ആക്ട് | - ആൽബിൻ ജോസഫ് |
| ബൈബിൾ പാരായണം | - അപർണ ജോസ് |
| പുത്തൻപാന | - മിഥു ആന്റണി |
| നിമിഷപ്രസംഗം | - ജിതിൻ ജോജു |

അതിരൂപതാടിസ്ഥാനത്തിൽ നിമിഷപ്രസംഗം വിജയി **ജിതിൻ ജോജു**

**നവംബർ** - Fancy Dress **Antonio Chris Jinto**

## കത്തോലിക്കാ കോൺഗ്രസ് വാർത്തകൾ



# മരിയനാദം വാർത്തകൾ

# ക്രിസ്തുമസ് കരോൾഗാന മത്സരം - 2020

ക്രിസ്തുമസ്സിനോടനുബന്ധിച്ച് മരിയനാദം പാരീഷ് ബുള്ളറ്റിൻ പത്രാധിപസമിതിയുടെ നേതൃത്വത്തിൽ ഡിസംബർ 20-ാം തീയതി ഉച്ചയ്ക്ക് 4 മണിക്ക് പള്ളിയിലെ വലിയ പാരീഷ് ഹാളിൽവെച്ച് നമ്മുടെ ഇടവകയിലെ കുടുംബകൂട്ടായ്മകളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ക്രിസ്തുമസ്സ് കരോൾഗാനമത്സരം സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത മത്സരത്തിന്റെ ഉദ്ഘാടനചടങ്ങ് ബഹുമാനപ്പെട്ട വികാരി ഫാദർ ജോസഫ് അരാശ്ശേരി നിർവ്വഹിച്ചു. ഏകദേശം പത്തോളം കുടുംബ കൂട്ടായ്മകൾ മത്സരത്തിന് പേര് രജിസ്റ്റർ ചെയ്തെങ്കിലും, ഏഴ് യൂണിറ്റുകൾ മാത്രമാണ് മത്സരത്തിൽ പങ്കെടുത്തത്. ഓരോ ടീമംഗങ്ങളും കോവിഡ് എന്ന മഹാമാരിയെ അതിജീവിച്ചും, കമ്മിറ്റി നിർദ്ദേശിച്ച മാനദണ്ഡങ്ങൾ അനുസരിച്ചും, ഓരോരുത്തരുടെയും കഴിവ് ഭംഗിയായി കാഴ്ചവെച്ചു. പ്രസ്തുത മത്സരം വിലയിരുത്തി ഓരോ ടീമിനുള്ള ഗ്രേഡുകൾ രേഖപ്പെടുത്തുന്നതിനായി ജഡ്ജുമാരായി ബഹുമാനപ്പെട്ട മദർ സി. റെജിൻ റോസ്, സി. ലൂസി, ശ്രീ. ഷിബു അയ്യന്തോൾ എന്നീ മൂന്നുപേർ നിർവ്വഹിച്ചു. മത്സരത്തിൽ ഒന്നാംസ്ഥാനം സെന്റ് സെബാസ്റ്റ്യൻ യൂണിറ്റും, രണ്ടാംസ്ഥാനം സെന്റ് ജോൺ യൂണിറ്റും, മൂന്നാം സ്ഥാനം ലിറ്റിൽഫ്ളവർ യൂണിറ്റും കരസ്ഥമാക്കി. കമ്മിറ്റി നിർദ്ദേശിച്ച പ്രകാരമുള്ള സമ്മാനതുകകളായ 1000 ക., 750 ക., 500 ക. യഥാക്രമം ആദ്യത്തെ മൂന്ന് സ്ഥാനക്കാർക്കും, പങ്കെടുത്ത മറ്റുള്ള ടീമുകൾക്കെല്ലാവർക്കും പ്രോത്സാഹനസമ്മാനതുകയായ 250 ക. വീതവും മത്സരാവസാനം തന്നെ നൽകി. സമ്മാനദാനചടങ്ങ് ബഹുമാനപ്പെട്ട വികാരി ഫാദർ ജോസഫ് അരാശ്ശേരിയും, നടത്തു കൈക്കാരൻ അഡ്വക്കേറ്റ് ജോസ് ഡേവിസും ഒന്നുചേർന്ന് നിർവ്വഹിക്കുകയുണ്ടായി.

മത്സരത്തിൽ പങ്കെടുത്ത എല്ലാ കുടുംബകൂട്ടായ്മകൾക്കും, നല്ലവരായ ഇടവകാംഗങ്ങൾക്കും, ബഹുമാനപ്പെട്ട വികാരിയച്ചനും, ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനും, നടത്തുകൈക്കാരനും മരിയനാദം പത്രാധിപസമിതിയിലെ എല്ലാ അംഗങ്ങൾക്കും പ്രത്യേകം നന്ദി പ്രകാശിപ്പിച്ചു കൊള്ളുന്നു. അടുത്ത വർഷം എല്ലാ കുടുംബകൂട്ടായ്മകൾക്കും പങ്കെടുക്കുവാൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും, ഏവർക്കും ക്രിസ്തുമസ് ആശംസകളും പുതുവത്സരാംശസകളും നേരുന്നു.

മരിയനാദം പത്രാധിപസമിതിക്കുവേണ്ടി,

**സ്റ്റീഫൻ മാപ്രാണത്ത്**
(മരിയനാദം അസോ. എഡിറ്റർ)

# അറിയിപ്പ്

1. പാരിഷ് ബുള്ളറ്റിനേക്കുള്ള കലാസാഹിത്യസൃഷ്ടികൾ എല്ലാമാസവും 10-ാം തിയ്യതിക്ക് മുമ്പായി ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കുക.

2. പരസ്യങ്ങൾ, വിവാഹ ഫോട്ടോകൾ, വാർഷിക ഫോട്ടോകൾ എന്നിവ പ്രസിദ്ധീകരിക്കുന്നതിനായി ഫിനാൻസ് കമ്മിറ്റിയംഗങ്ങളെ ഏല്പിക്കുക.

3. ബുള്ളറ്റിനിലൂടെ ഇടവകയിലെ ഓരോ ദിവസത്തിന്റെയും പ്രാധാന്യം, സംഘടനകളുടെ പ്രവർത്തനങ്ങൾ, സഭയുടെ നിലപാട്, കുടുംബകൂട്ടായ്മ പ്രവർത്തനം, കൂട്ടായ്മ യോഗങ്ങളുടെ സമയക്രമങ്ങൾ എന്നിവയും പ്രസിദ്ധീകരിക്കുന്നതിനായി ഏവരുടേയും നിസ്വാർത്ഥമായ സഹായസഹകരണം അഭ്യർത്ഥിച്ചുകൊള്ളുന്നു.

പത്രാധിപസമിതി

# IT CELL വാർത്തകൾ

## വെബ്സൈറ്റ് ഉദ്ഘാടനം

അയ്യന്തോൾ സെന്റ് മേരീസ് അസംപ്ഷൻ ദേവാലയത്തിന് സ്വന്തമായൊരു വെബ്സൈറ്റ് www.ayyantholechurch.com 2020 ഡിസംബർ 30-ാം തിയ്യതി ബുധനാഴ്ച രാവിലെ 6.30ന് ദിവ്യബലിക്കുശേഷം അതിരൂപതാ വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ നിർവ്വഹിച്ചു. ഇടവകയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പ്രസ്തുത സൈറ്റ് മുഖേന ഏവർക്കും ലഭ്യമാവുന്നതാണ്. അന്നേദിവസത്തെ ദിവ്യബലിയും വെബ്സൈറ്റ് ഉദ്ഘാടനവും കോവിഡ് പശ്ചാത്തലത്തിൽ എല്ലാവർക്കും അനുഭവവേദ്യമാകുന്നതിനായി സിറ്റിചാനലിൽ തൽസമയം സംപ്രേക്ഷണം ചെയ്തു. ആയതിലേക്ക മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ ആശംസകൾ വീഡിയോ സന്ദേശമായി അയച്ചു തന്നത് വെബ്സൈറ്റിൽ ലഭ്യമാണ്. വികാരി ഫാ. ജോസഫ് അരാശ്ശേരി അദ്ധ്യക്ഷനായിരുന്നു കൈക്കാരൻമാർ അഡ്വ. ജോഷി പാച്ചൻ, അഡ്വ. ജോസ് ഡേവിസ്, ശ്രീ ജോസഫ് മുണ്ടശ്ശേരി, ശ്രീ. ആന്റോ ഇഞ്ചോടിക്കാരൻ, ഐ.ടി. സെൽ കമ്മിറ്റി അംഗങ്ങളായ ശ്രീ. മേജോ കെ.ജെ, ശ്രീ. സുരേഷ് ജേക്കബ്ബ്, ശ്രീ. സെബാസ്റ്റ്യൻ ഒഴുകയിൽ, ശ്രീ. ജോഫിൻ കൊളങ്ങര, ശ്രീ. ഗോഡ്വിൻ സൈമൺ, ശ്രീ. സാൻജോ സൈമൺ എന്നിവരും സന്നിഹിതരായിരുന്നു.

**മേജോ കെ.ജെ.**
IT Cell Administrator


6th Wedding
ANNIVERSARY
JINTO
18.01.2021
AKSHARA
Kodankandath House
Puthoorkkara P.O. Ayyanthole
Ph : 9645 145 415
With Best Compliments From
Aradhya Maria Jinto & Antonio Chris Jinto
St. Peter Unit



# Wedding

07.09.2020



## MILAN

S/o Mrs. Molly Lazar &
Mr. Lazar P.T
Peramangalam House,
Ramavarmapuram P.O Thrissur

## JOSENA

D/o Mrs. Beena Johnson &
Mr. P.A. Johnson
Akkarayattiakkal House,
Ayyanthole P.O. Thrissur

Holy Trinity Unit

# വേർപാടിന്റെ 9-ാം വർഷം

**25.01.2021**



## മാമ്പറമ്പിൽ ലാസർ മകൻ

# ജോസഫ്

ജനനം: 07-08-1956 മരണം: 25-01-2012

സ്നേഹസ്മരണകളോടെ,

ഭാര്യ : ഡോളി

മക്കൾ : ലിജോ ജോസഫ്, ലിനു സുബിൻ & സുബിൻ

പേരക്കുട്ടികൾ : ജൊഹാൻ ഫെർണാണ്ടോ, ജൊറാൾഡ് ഇവാൻജലോ

സെന്റ് ജോൺസ് യൂണിറ്റ്

## പുതുവത്സര ചിന്തകൾ

ഈശോയുടെ കുഞ്ഞുമക്കളേ,

നമ്മുടെ ഈ ലോകത്തിൽ പലപ്പോഴും നാം അർഹിക്കാത്ത സ്ഥാനമാനങ്ങൾക്ക് വേണ്ടി ഓടിനടക്കാറുണ്ട്. അവ ലഭിക്കാതായാൽ അസൂയയും ദേഷ്യവും പ്രതികാരവും ഒക്കെ നമുക്ക് തോന്നും. എന്നാൽ ദൈവം നമുക്ക് അതിനേക്കാൾ മെച്ചപ്പെട്ട നല്ല സ്ഥാനങ്ങൾ നമ്മൾ വിചാരിക്കാത്ത രീതിയിൽ നൽകും. നല്ല വിവേകത്തോടും നല്ല ചിന്തയോടും കൂടി പ്രവർത്തിക്കാൻ ശ്രമിക്കുമല്ലോ.

കൊച്ചുകൂട്ടുകാരെ, കഥ കേൾക്കാൻ ഇഷ്ടമാണല്ലോ. ഒരു സഞ്ചാരി മാവിൻചുവട്ടിൽ വിശ്രമിക്കുകയായിരുന്നു. അപ്പോൾ ഒരു വേട്ടക്കാരൻ കയ്യിൽ ഒരു തോക്കുമായി അതിലെ വന്നു. പെട്ടെന്ന് മാവിലിരുന്ന ഒരു കുരങ്ങൻ ഒരു മാങ്ങ പറിച്ച് വേട്ടകാരന്റെ തലയിലേക്ക് എറിഞ്ഞു. വേട്ടക്കാരന് നന്നായി വേദനിച്ചു. പക്ഷേ അയാൾ ഒട്ടുംതന്നെ പ്രതികരിച്ചില്ല. ആ മാങ്ങയെടുത്ത് അദ്ദേഹം നടക്കാൻ തുടങ്ങി. അപ്പോൾ സഞ്ചാരി ചോദിച്ചു. "താങ്കളുടെ കയ്യിൽ തോക്കുണ്ടായിട്ടും താങ്കൾ എന്തുകൊണ്ട് പ്രതികരിച്ചില്ല". ഇത് കേട്ടപ്പോൾ വേട്ടക്കാരൻ പറഞ്ഞു. 'ഞാൻ മനുഷ്യനാണ്. അത് മൃഗവും. മൃഗം ചെയ്തത് തെറ്റാവാം. എന്നാൽ മനുഷ്യനായ ഞാൻ അതിൽനിന്നും നന്മ കണ്ടെത്തി.' ഇത്രയും പറഞ്ഞ് വേട്ടക്കാരൻ നടന്നു നീങ്ങി.

പ്രിയ കുഞ്ഞുങ്ങളെ പ്രതികാരം ഒന്നിനും പരിഹാരമല്ല എന്ന് ഈ ഗുണപാഠകഥയിലൂടെ നിങ്ങൾക്ക് മനസ്സിലായല്ലോ. 2021 എന്ന പുതുവർഷം നമുക്ക് മുന്നിൽ വിടരുകയായി. പോയവർഷത്തിൽ നമ്മുടെ പല സ്വപ്നങ്ങളും യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞില്ലെന്ന് ഓർത്ത് വേദനിക്കാതെ എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കാൻ നമ്മുടെ ഈശോയ്ക്ക് കഴിയും എന്നുറച്ചുകൊണ്ട് സ്ഥിരതയോടെ ഉത്സാഹത്തോടെ മുന്നേറുക. എല്ലാവർക്കും പുതുവത്സരാംശകൾ!

'എന്നോട് പ്രവർത്തിച്ചതുപോലെ ഞാൻ അവനോടും പ്രവർത്തിക്കും. അവൻ ചെയ്തതിന് ഞാൻ പകരം ചെയ്യും എന്നു നീ പറയരുത്.' (സുഭാഷിതങ്ങൾ 24/29).

**മേഴ്സി ജെസിന്റോ**
സെന്റ് തോമസ് യൂണിറ്റ്

## മാതൃവേദി വാർത്തകൾ

മാതൃവേദിയുടെ നേതൃത്വത്തിൽ തിരുനാളിനോടനുബന്ധിച്ച് കുഴലപ്പം, അച്ചപ്പം, ഉണ്ണിയപ്പം വിൽക്കപ്പെടുന്നു. ആവശ്യമുള്ളവർ ഈ നമ്പറിൽ വിളിക്കുക.

**ഫോൺ : 2360970, 9497458058**

# അന്ധന് കാഴ്ച



ഗുരുനാഥനെത്തിയൊരിക്കൽ
ബെത്സഥായിൽ താങ്ങായി
അന്ധന് തണലായവർ
യേശുവെ എന്നേശുവെ
സ്പർശിക്കേണമെ സ്പർശിക്കേണമെ

ഗുരുവിൻ സ്നേഹമൃദുലാളനത്താൽ
അന്ധന്റെ കരങ്ങൾ പിടിക്കവേ
തുപ്പിയ നയനങ്ങളിൽ തലോടി
ഗുരുവിൻ ദിവ്യകരങ്ങൾ
കാണുന്നുവോ നോക്കിയേ നീ

പൊന്നേശുവേ! ചലിക്കുന്ന മർത്ത്യർ
വർണ്ണ്യമാർന്ന കാഴ്ചകൾ
സ്തുതികൾ മുഴങ്ങി
വിടചൊല്ലിയന്ധൻ
ഗുരുവേ നമസ്തേ!

**ആത്മിക ഇ.ജെ.** Class - 3B

2019-2020 വർഷത്തിൽ SSLC / ICSE യിൽ Full A+ നേടിയ
[illegible] ഇടവകയിലെ വിദ്യാർത്ഥികൾക്ക്

**അനുമോദനങ്ങൾ...**







# അനുകരണീയം



സൽസ്വഭാവിയും, ബുദ്ധിമാനുമായിരുന്നു ജറിൻ. ഒരുദിവസം വി. കുർബാനയുടെ സമയത്ത് അവൻ വളരെയേറെ ഭക്തിയോടും ശ്രദ്ധയോടും കൂടി കൈകൂപ്പി ഈശോയെ നോക്കി പ്രാർത്ഥിക്കുകയായിരുന്നു. അവന്റെ കൂട്ടുകാർ അവനെ ശല്യപ്പെടുത്താനും ഒരു വലിയ ഭക്തൻ എന്നു പറഞ്ഞു കളിയാക്കാനും തുടങ്ങി.

എല്ലാം സഹിച്ച് അവൻ വി. കുർബ്ബാനയിൽ ഭക്തിപൂർവ്വം പങ്കുകൊണ്ടു. ദിവ്യബലിക്ക് ശേഷം അവൻ അവന്റെ സുഹൃത്തുക്കളെ കാണാൻ ചെന്നു. അവൻ അവർക്ക് ദിവ്യബലിയുടെ പ്രാധാന്യത്തെക്കുറിച്ചും തന്നെ കളിയാക്കിയപ്പോൾ തനിക്കുണ്ടായിരുന്ന മനോവിഷമത്തെക്കുറിച്ചും അവരോട് പറഞ്ഞു. ആദ്യമാദ്യം അവർ അവനെ ശ്രദ്ധിച്ചില്ലെങ്കിലും അവന്റെ ആത്മാർത്ഥമായ സംസാരവും, അവരോടുള്ള സ്നേഹമസൃണമായ സമീപനവും അവരെ അവനിലേക്ക് ആകർഷിച്ചു. അവർ നിശബ്ദം അവനെ ശ്രദ്ധിച്ചു. ജറിന്റെ സംസാരം അവരെ മാനസാന്തരത്തിലേക്ക് നയിച്ചു. അവർ എല്ലാവരും ഒരുമിച്ച് ദേവാലയത്തിൽ പോയി പ്രാർത്ഥിച്ചു. ഇതെല്ലാം അവരുടെ വികാരിയച്ചൻ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. കപ്യാരെ വിട്ട് വികാരിയച്ചൻ കുട്ടികളെ മുറിയിലേക്കു വിളിപ്പിച്ചു. അവരോട് കാര്യങ്ങൾ ചോദിച്ചറിഞ്ഞു. ജറിന്റെ വിശ്വാസവും കൂട്ടുകാരോടുള്ള സമീപനവും അച്ചന് ഒരുപാട് ഇഷ്ടമായി. അച്ചൻ മറ്റുള്ളവരോട് ജറിനെ മാതൃകയാക്കാൻ പറഞ്ഞു. നിങ്ങളും പോയി ഇതുപോലെ ചെയ്യുവിൻ, അച്ചൻ കൂട്ടിച്ചേർത്തു.

# വിശ്വാസത്തോടെയുള്ള പ്രാർത്ഥനയുടെ ശക്തി

നൊറീൻ നെറ്റോ
സെന്റ് തോമസ് യൂണിറ്റ്

ഈ കോവിഡ് കാലത്തുണ്ടായ ഒരു സംഭവവും അതേതുടർന്നു ഞങ്ങൾ നടത്തിയ പ്രാർത്ഥനയുമാണ് എന്റെ വിശ്വാസത്തെ വളർത്തിയത്. ഞാനും അഖിലും പരിയാത്ത കൂട്ടുകാരായിരുന്നു. ഒരു ദിവസംപോലും എനിക്കവനെ കാണാതിരിക്കാനാവില്ല. പക്ഷേ കോവിഡ് ഞങ്ങളെ തമ്മിൽ മാസങ്ങളോളം അകറ്റിനിർത്തി. എന്നാൽ ഓൺലൈൻ ക്ലാസ്സുകൾ ആരംഭിച്ചപ്പോൾ എനിക്കവനെ വീണ്ടും എന്നും കാണാൻ സാധിച്ചു. ഓൺലൈനിൽ അവനില്ലേ എന്ന് ഞാൻ ആകാംക്ഷയോടെ നോക്കും. അവൻ പഠിത്തത്തിൽ ബഹുമിടുക്കൻ ഞാനാകട്ടെ കുസൃതിയിലും.

അങ്ങനെയിരിക്കെ ആ ദുഃഖവാർത്ത ഞാനറിഞ്ഞു. അവന്റെ ഡാഡിക്ക് കോവിഡ് ബാധിച്ചിരിക്കുന്നു. ഒരു ആശുപത്രി സൂപ്രണ്ടായിരുന്ന അദ്ദേഹത്തിന് അവിടെ വന്ന ഒരു രോഗിയിൽനിന്നുമാണ് രോഗബാധയുണ്ടായത്. പ്രമേഹരോഗിയായ അവന്റെ ഡാഡിയെ മിക്കവാറും വെന്റിലേറ്ററിലേക്കാക്കേണ്ടിവരും എന്ന ഡോക്ടറുടെ തീരുമാനം ഞങ്ങളെ വേദനിപ്പിച്ചു. ടീച്ചർ ഞങ്ങളോടെല്ലാവരോടും പ്രാർത്ഥിക്കാൻ പറഞ്ഞു.

രോഗം ലങ്ങ്സിനെ വല്ലാതെ ബാധിച്ചതിനാൽ ഡോക്ടറുടെ പ്രതീക്ഷ കുറഞ്ഞു. ടീച്ചർ ഞങ്ങളോട് പറഞ്ഞു. നമ്മുടെ പ്രാർത്ഥനയുടെ രീതി മാറ്റാം. അഖിലിന്റെ ഡാഡി സുഖം പ്രാപിച്ചു വീട്ടിൽ വന്നു, ജോലിക്ക് പോകുംവഴി അഖിലിനെ സ്കൂളിൽ ഡ്രോപ്പ് ചെയ്യുന്നു; ഇതെല്ലാം മനസ്സിൽ കണ്ട് ദൈവം എല്ലാം ഉറപ്പായി മാറ്റിത്തന്നു എന്ന വിശ്വാസത്തോടെ നമുക്കു ചേർന്നു പ്രാർത്ഥിക്കാം. അപ്രകാരം ഞങ്ങൾ എല്ലാവരും ഓൺലൈനിൽ തന്നെ ഉറക്കെ, ഞാൻ കണ്ണീരോടെയും പ്രാർത്ഥിച്ചു. ദിവസങ്ങൾ കടന്നുപോയി. അത്ഭുതമെന്നു പറയട്ടെ, വെന്റിലേറ്ററിൽ ആക്കേണ്ടിവന്നാലും രോഗി സുഖം പ്രാപിക്കുന്നതായി ഡോക്ടർക്ക് മനസ്സിലായി. മൂന്നാഴ്ച കഴിഞ്ഞ് രോഗിയെ റൂമിലേക്ക് മാറ്റി. പിന്നീട് വീട്ടിലേക്കും. ഇപ്പോൾ ഒരു വിധം സൗഖ്യമായിക്കൊണ്ടിരിക്കുന്ന അദ്ദേഹം രക്ഷപ്പെട്ടത് ഞങ്ങളുടെ വിശ്വാസത്തിലടിയുറച്ച പ്രാർത്ഥനയാണെന്ന് ഞങ്ങൾക്ക് ബോധ്യമായി. ഈ സംഭവം കൊണ്ട് പ്രാർത്ഥന എങ്ങനെ വിശ്വാസത്തെ വർദ്ധിപ്പിച്ച് ദൈവത്തിലേക്കടുപ്പിക്കുമെന്ന് എനിക്ക് മനസ്സിലായി.



# "ഫ്രത്തേലി തൂത്തി"യാകട്ടെ 2021 ന്റെ അജണ്ട

ഗ്രെയ്സി ജോണി
സെന്റ് തോമസ് യൂണിറ്റ്

എല്ലാവരും സഹോദരർ – എന്നാണ് ഈ ലത്തീൻ വാക്കുകളുടെ അർത്ഥം. ഫ്രാൻസിസ് മാർപാപ്പയുടെ മൂന്നാമത്തെ ചാക്രികലേഖനമാണിത്. ചാക്രികലേഖനങ്ങളുടെ ആദ്യത്തെ രണ്ട് വാക്കുകളാണ് അതിന്റെ തലക്കെട്ടാക്കുക. എല്ലാവരും സമന്മാരായി ജനിച്ചു എന്നതിന്റെ അടിസ്ഥാനം തന്നെ സാഹോദര്യമാണ്. മാർപാപ്പയുടെ പ്രിയപ്പെട്ട ആശയങ്ങളാണ് സമത്വവും സാഹോദര്യവും. ഭൂമിയെ പൊതുഭവനമായി കണ്ട് സംരക്ഷിക്കാനാണ് 'ലൗദാത്തെ സി' (അങ്ങേയ്ക്കു സ്തുതി) എന്ന ചാക്രികലേഖനത്തിലൂടെ ആഹ്വാനം ചെയ്യുന്നത്. ഇടുങ്ങിയ മനസ്സിന്റെ ചിന്തകളല്ലേ – ഒരുവൻ ബന്ധു, അപരൻ അന്യൻ എന്നിങ്ങനെ. എന്നാൽ ജാതിയുടേയും സമ്പന്നതയുടേയും ഏറ്റക്കുറച്ചിലുകളാൽ വിഭജിക്കപ്പെടുന്ന ലോകത്തിന് അദ്ദേഹം നൽകുന്നത് ഒരുമയുടെ സന്ദേശമാണ്.

ഇതായിരുന്നു മാർട്ടിൻ ലൂഥർ കിങ്ങിന്റെ സ്വപ്നം. അടിമകളുടെയും ഉടമകളുടെയും മക്കൾ സാഹോദര്യത്തിന്റെ മേശയ്ക്കു ചുറ്റുമിരിക്കുന്ന കാലം. അജ്ഞാതനെ പരിചരിച്ച നല്ല സമരിയാക്കാരനും ഇന്നത്തെ ലോകത്തിന് മാതൃകയാണ്. ഉപഭോക്തൃനിയമത്തിന്റെ പിന്നിലുള്ള ആശയവും മറ്റൊന്നല്ല. ഒരു ഉല്പന്നം ഉപയോഗിക്കുന്ന ഉപഭോക്താവ് നിർമ്മാതാവിന്റെ അയൽക്കാരനാവുകയാണ്. ആ ഉൽപ്പന്നം അവന് ദോഷകരമാകരുതല്ലോ. അഗതിയേയും അഭയാർത്ഥിയേയും വേണ്ടവിധം പരിഗണിക്കേണ്ടതാണെന്ന് ദൈവമായ കർത്താവ് കല്പിക്കുന്നത് നിയമാവർത്തനത്തിൽ കണ്ടെത്താനാവും.

വാതിലുകളെല്ലാം അടച്ചിടേണ്ടിവരുന്ന ഈ കോവിഡ് കാലത്ത് തുറന്ന മനസ്സും കാരുണ്യവുമായിരിക്കട്ടെ നമ്മുടെ മനോഭാവം. പ്രകൃതിയേയും ജീവജാലങ്ങളേയും സഹോദരരേയും സ്നേഹിച്ച ഫ്രാൻസിസ് അസ്സീസിയുടെ പേരും കാഴ്ചപ്പാടും ഉൾക്കൊണ്ടാണ് കാർഡിനൽ ബെർഗോളിയോ 2013 ൽ മാർപാപ്പയായത്. ഒറ്റയ്ക്ക് കാണുന്നത് മരീചികയാണെങ്കിൽ, കൂട്ടായി പ്രവർത്തിക്കുന്നത് സ്വപ്നസാക്ഷാൽക്കാരമാണ്. ഇത്തരമൊരു ആഗോളസംസ്കാരത്തിന് 2021 സാക്ഷ്യമാകട്ടെ. ദൈവരാധന അടിസ്ഥാനമാക്കി, വിശ്വശാന്തി ലക്ഷ്യംവച്ച് യുദ്ധവും അക്രമവും പട്ടിണിയില്ലാത്തതുമായ വർഷങ്ങൾക്കായി നമുക്ക് ഒത്തൊരുമിക്കാം, എല്ലാവർക്കും പുതുവത്സരാശംസകൾ.

## അനുഗ്രഹപൂമഴ

ശോഭന ആന്റോ, ഹോളി ട്രിനിറ്റി യൂണിറ്റ്

സൗഖ്യദായകനീശോ...
എന്നുള്ളിൽ വാഴാൻ നീ വരുമ്പോൾ
എൻ വേദനകൾ എൻ നൊമ്പരങ്ങൾ
എല്ലാം നീ എടുത്ത് മാറ്റും
ഒരു പുതുസൃഷ്ടിയായ് ഞാൻ മാറും.

വിശുദ്ധിയിലെന്നും നിലനിൽക്കുമ്പോൾ
സ്നേഹിക്കാനെന്നു കൃപ ലഭിക്കും
എളിമയാൽ എന്നും താഴ്ന്നീടുമ്പോൾ
ഉയരങ്ങളിൽ നാം എന്നും വസിക്കും
യേശുവിനൊടൊപ്പം നമ്മൾ യാത്ര ചെയ്തീടും.

പാപങ്ങളേറെ തീണ്ടിയപ്പോഴും
ഓർത്തില്ല നാഥാ നിൻ ദിവ്യസ്നേഹം
നിൻ കാരുണ്യം ഒന്ന് മാത്രമല്ലയോ
എന്നിൽ അനുഗ്രഹപൂമഴ പെയ്തിറങ്ങി
നമ്മിൽ അനുഗ്രഹ പൂമഴ പെയ്തിറങ്ങി.

## വി. തിമോത്തി (AD 97-97)

നമ്മുടെ സഭ ജനുവരി 26-ാം തിയ്യതി തിരുനാൾ ആഘോഷിക്കുന്ന വിശുദ്ധനാണ് വിശുദ്ധ തിമോത്തി. ദൈവത്താൽ ആദരിക്കപ്പെടുന്നവൻ എന്നാണ് തിമോത്തി എന്ന വാക്കിനർത്ഥം.

ഒന്നാം നൂറ്റാണ്ടിൽ ഏഷ്യാമൈനറിലെ ലിസ്ത്രായിൽ വി. തിമോത്തി ജനിച്ചു. പിതാവ് ഒരു വിജാതീയനും മാതാവ് ക്രിസ്തുമതം സ്വീകരിച്ച ഒരു യഹൂദ സ്ത്രീയുമായിരുന്നു. അമ്മയിൽ നിന്നും അമ്മൂമ്മയിൽ നിന്നും വളരെ ചെറുപ്പത്തിലേ തിരുവെഴുത്തുകളെപറ്റിയുള്ള അഗാധജ്ഞാനം തിമോത്തി നേടിയിരുന്നു.

വിശുദ്ധ പൗലോസിന്റെ രണ്ടാം പ്രേക്ഷിതവേളയിൽ ലിസ്ത്രായിൽ വെച്ച് പൗലോസ് കണ്ടുമുട്ടിയ തിമോത്തി പിന്നീട് പൗലോസിന്റെ ശിഷ്യനും അനുയായിയുമായി മാറുകയായിരുന്നു. എഫേസോസിലെ സഭയുടെ ആദ്യ ബിഷപ്പായിരുന്ന വി. തിമോത്തി AD 97ൽ ക്രിസ്തുവിനു വേണ്ടി രക്തസാക്ഷിത്വം വരിക്കുകയുണ്ടായി.

ഉദരസംബന്ധമായ അസുഖങ്ങൾ മാറുന്നതിനു വേണ്ടിയുള്ള വിശുദ്ധനായി വിശുദ്ധ തിമോത്തി അറിയപ്പെടുന്നു.

**ലൂസി ജോയ്**
സെന്റ് സേവിയേഴ്സ് യൂണിറ്റ്

# ഓസ്റ്റിയോ പൊറോസിസ്
# ഒരു നിശ്ശബ്ദ കൊലയാളി



**ഡോ. പോൾ റ്റി. ആന്റണി,** MBBS, MD, DM
റുമാറ്റോളജി & ക്ലിനിക്കൽ ഇമ്മ്യൂണോളജി മേധാവി
അമല മെഡിക്കൽ കോളേജ്, തൃശൂർ

**എന്താണ് ഓസ്റ്റിയോപൊറോസിസ്?**

എല്ലിന്റെ കരുത്ത് കുറയുന്ന അവസ്ഥയാണ് ഓസ്റ്റിയോപൊറോസിസ്. സുഷിരമുള്ള എല്ലുകൾ എന്ന് വാച്യാർത്ഥം.

**രോഗലക്ഷണങ്ങൾ**

തനതായി യാതൊരു ലക്ഷണങ്ങൾ ഇല്ലാത്ത ഒരു അവസ്ഥയാണ് ഓസ്റ്റിയോപൊറോസിസ്. അതിന്റെ പരിണതഫലമായി ചെറിയ തട്ടലോ, വീഴ്ചയോ മൂലം തുടയെല്ലും തണ്ടെല്ലിലും കൈകാലുകളിലെ എല്ലിനും ഒടിവു സംഭവിക്കുമ്പോൾ ആണ് ഇത് ഉണ്ടെന്ന് മനസ്സിലാവുന്നത്. ഓസ്റ്റിയോപൊറോസിസ് മൂലം പലർക്കും ഉയരം കുറഞ്ഞുവരാറുമുണ്ട്.

**ആർക്കാണ് ഇത് വരുന്നത്?**

- പ്രായമുള്ളവർക്ക് – 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്ക്, 60 വയസ്സിന് മുകളിലുള്ള പുരുഷന്മാർക്ക്.
- നേരത്തേ ആർത്തവം നിന്ന സ്ത്രീകൾ
- വളരെ മെലിഞ്ഞവർ
- വ്യായാമമില്ലാത്തവർ
- അമിത മദ്യപാനശീലവും പുകവലിയും ഉള്ളവർ
- പാരമ്പര്യം ഉള്ളവർ
- ചില മരുന്നുകൾ മൂലം

**ഓസ്റ്റിയോ പൊറോസിസിന് ഒരു മിനിട്ട് പരിശോധന**

താഴെയുള്ള ചോദ്യങ്ങൾക്ക് നിങ്ങളുടെ മറുപടി ഉവ്വ് എന്നാണെങ്കിൽ നിങ്ങൾക്ക് സാധ്യതയുണ്ട്.

1. ചെറിയ തട്ടലോ വീഴ്ചയോ മൂലം നിങ്ങളുടെ മാതാപിതാക്കളിലാർക്കെങ്കിലും തുടയെല്ല് പൊട്ടുകയുണ്ടായിട്ടുണ്ടോ?
2. ചെറിയ തട്ടലോ വീഴ്ചയോ മൂലം നിങ്ങളുടെ തുടയെല്ല് പൊട്ടുകയുണ്ടായിട്ടുണ്ടോ?
3. 45 വയസ്സിനു മുമ്പ് നിങ്ങൾക്ക് ആർത്തവവിരാമം സംഭവിച്ചോ?

സ്ത്രീകൾക്ക്: നിങ്ങളുടെ ആർത്തവം നിലച്ചിട്ട് 12 മാസമോ അതിലധികമോ ആയോ?

4. പുരുഷന്മാർക്ക് : ഷണ്ഡത്വം, ലൈംഗികതൃഷ്ണയില്ലായ്മ തുടങ്ങിയ രോഗലക്ഷണങ്ങൾ നിങ്ങൾക്ക് അനുഭവപ്പെട്ടിട്ടുണ്ടോ?

5. നിങ്ങൾ 6 മാസത്തിൽ കൂടുതൽ കോർട്ടികോസ്റ്റീറോയിഡുകൾ ഉപയോഗിച്ചിട്ടുണ്ടോ?

6. നിങ്ങൾക്ക് 5 സെ.മീ. കൂടുതൽ ഉയരം നഷ്ടമായിട്ടുണ്ടോ?

7. നിങ്ങൾ പതിവായി കടുത്ത മദ്യപാനം നടത്താറുണ്ടോ?

8. നിങ്ങൾ ദിവസം 20 സിഗരറ്റിൽ കൂടുതൽ വലിക്കുമോ?

9. നിങ്ങൾക്ക് അടുപ്പിച്ചടുപ്പിച്ച് അതിസാരം ഉണ്ടാകാറുണ്ടോ?

**എങ്ങനെയാണ് അസുഖം സ്ഥിരീകരിക്കുന്നത്?**

DEXA SCAN എന്ന ടെസ്റ്റിലൂടെയാണ് ഓസ്റ്റിയോപൊറോസിസ് സ്ഥിരീകരിക്കുന്നത്. എക്സ്-റേ ടെസ്റ്റിന്റെ ഒരു വ്യത്യസ്ത രൂപമാണ് DEXA. ചില ബ്ലഡ് ടെസ്റ്റിലൂടെയും ഇത് നിരീക്ഷിക്കാവുന്നതാണ്.

**ഓസ്റ്റിയോ പൊറോസിസ് - പ്രതിവിധി**

- പുതുമ നഷ്ടമാകാത്ത പഴങ്ങൾ, പച്ചക്കറികൾ, പയറുകൾ, ഫലങ്ങൾ, മീൻ കഴിക്കുക.
- ദിവസേന 2 കപ്പ് പാൽ കുടിക്കുക.
- പര്യാപ്തമായ അളവിൽ ജീവകം ഡി ലഭിക്കാനായി രാവിലെനേരത്തെ ഏതാണ്ട് 10-30 മിനിറ്റ് വെയിൽ കൊള്ളുക.
- പതിവായി വ്യായാമം ചെയ്യുക.

**എന്താണ് ഇതിനുള്ള ചികിത്സ?**

- കാൽസ്യവും ജീവകം ഡി ഉള്ള ഗുളിക ദിവസേന കഴിക്കുക
- ബിസ്ഫോസ്ഫോണേറ്റ് ഗുളിക
- പാരത്തോർമോൺ ഇഞ്ചക്ഷൻ

**എന്താണ് ഓസ്റ്റിയോപോറോസിസിന്റെ പ്രസക്തി?**

ലോകജനത പ്രായം കൂടി വരികയാണ്. അതിന്റെ പരിണതഫലമായി ഇതും അധികമായി കണ്ടുവരുന്നു. ശരാശരി 10-30% 50 വയസ്സിന് മേലെയുള്ള സ്ത്രീകളെയും പുരുഷന്മാരെയും ബാധിക്കുന്നതാണ് ഈ അവസ്ഥ. നിശബ്ദമായി നിൽക്കുന്നതുമൂലം പലരും എല്ലിനു (നട്ടെല്ല്, തുടയെല്ല്) ഒടിവു സംഭവിച്ചതിനു ശേഷമേ അറിയുന്നുള്ളൂ. എല്ലിനു പൊട്ടൽ മൂലം പലരേയും ആജീവനാന്തം കിടപ്പിലേക്കും മരണത്തിലേക്കും നയിക്കുന്നു. കൃത്യമായ ജീവിതശൈലി മാറ്റങ്ങളിലൂടെ ഈ രോഗത്തെ ഫലവത്തായി നമുക്കു പ്രതിരോധിക്കാം. ■

## സ്നേഹസ്മരണയ്ക്ക്

**5-ാം ചരമവാർഷികം**
28.01.2021



പാറേക്കാട്ടിൽ മാപ്രാണത്ത്
അന്തപ്പൻ മകൻ

# വറുതുണ്ണി

ജനനം : 08.04.1927
മരണം : 28.01.2016



**115-ാം ചരമദിനം**
01.01.2021



പാറേക്കാട്ടിൽ മാപ്രാണത്ത്
വറുതുണ്ണി ഭാര്യ

# അമ്മിണി (താണ്ടു)

ജനനം : 19.08.1928
മരണം : 11.09.2020

സ്നേഹസ്മരണകളോടെ
മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ, ചെറുമക്കൾ

# സ്നേഹസ്മരണയ്ക്ക്

1–ാം ചരമവാർഷികം

18–01–2021



# തെക്കിനിയത്ത് പൗലോസ് ഭാര്യ

# മേരി

**ജനനം : 31–12–1951** **മരണം : 18–01–2020**

മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ

സെന്റ് തോമസ് യൂണിറ്റ്

ഇന്ത്യയിലെ ഇന്ത്യക്കാരനായ ആദ്യത്തെ ആർച്ച് ബിഷപ്പ്
മാർ. ജോസഫ് കരിയാറ്റി



ജനനം : 05.05.1742
മരണം : 10.09.1786

# 6-ാം ചരമവാർഷികം

25.01.2021



# കെ.സി. ചാക്കുണ്ണി

ജനനം : 30.01.1936 മരണം : 25.01.2015

കരിയാറ്റി ഹൗസ്
റിട്ട. സൂപ്രണ്ട്, ജുഡീഷ്യൽ ഡിപ്പാർട്ട്മെന്റ്
പുതൂർക്കര, അയ്യന്തോൾ

സ്നേഹസ്മരണകളോടെ

ഭാര്യ : ആനി ചാക്കോ
മക്കൾ : ലിൻസി, ഫിറ്റ്ലസ്, ജെസ്മോൾ, ജോമീസ്, ലിസ്മോൾ
മരുമക്കൾ : ഫ്രാൻസിസ്, ഷീജ, റോസ്മോൾ, പോൾ
പേരക്കുട്ടികൾ : റിന്റു, റിറ്റു, അലൻ, ജെറോം, ഫെലിപ്പ്സ്, ഷോൺ

സെന്റ് ജോൺ യൂണിറ്റ്

## Thekkanath Cherpukaran
# Thomas & Family

Christening Ceremony of Emma(Tresa) & Tara Ann (Jessy) was conducted on 17th August 27th December respectively



St. Paul Unit

## വി. സെബസ്ത്യാനോസിന്റെ
# തിരുനാൾ മഹാമഹം

**2021 ജനുവരി 24 മുതൽ ഫെബ്രുവരി 1 വരെ**

അയ്യന്തോൾ സെന്റ് മേരീസ് അസംപ്ഷൻ ദൈവാലയത്തിൽ വി. സെബസ്ത്യാനോസ് സഹദായുടെ തിരുനാൾ 2021 ജനുവരി 24 മുതൽ ഫെബ്രുവരി 1 വരെ കോവിഡ് സുരക്ഷാ മാനദണ്ഡങ്ങൾ അനുസരിച്ച് ആഘോഷിക്കുകയാണ്. തിരുനാൾ കൊടികയറ്റം ജനുവരി 24നും പ്രധാന ആഘോഷങ്ങൾ ജനുവരി 30, 31, ഫെബ്രുവരി 1 തിയ്യതികളിലുമാണ്. തിരുനാൾ തിരുകർമ്മങ്ങളിലേക്കും ആഘോഷപരിപാടികളിലേക്കും താങ്കളേയും കുടുംബാംഗങ്ങളേയും ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു. മുൻകാലങ്ങളിൽ നൽകിവന്ന പ്രോത്സാഹനങ്ങൾ നന്ദിപൂർവ്വം സ്മരിച്ചുകൊണ്ട് ഏവരുടേയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

എന്ന്

**ഫ്രാൻസിസ് അറങ്ങാശ്ശേരി**
(ജനറൽ കൺവീനർ)

**ഫാ. ജോസഫ് അരാശ്ശേരി**
(വികാരി)



# ആശ്വാസതീരത്ത്

ആൽബിൻ
സെന്റ് പീറ്റർ യൂണിറ്റ്

ഉരസിയെത്തുന്ന കിഴക്കൻകാറ്റുകൾ, സല്ലാപത്തിന്റെ കെട്ടുകഥകൾ മൂളി... ഘോരഗർജ്ജനം മുഴക്കിയ വർഷം, തിരിച്ചറിവിന്റെ ശ്രോതസ് പകർന്നു. എന്നാൽ അവയൊന്നും ജീവിതമാകുന്ന ആഴിയുടെ ശബ്ദം നിലപ്പിച്ചില്ല, അഥവാ വേഗം കുറച്ചില്ല. ഓടിയെത്താത്ത ദൂരങ്ങളിലേക്ക് വീണ്ടും ഒരു പിശാചിനെപ്പോലെ ഞാൻ ഓടിയകലുന്നു. എത്തിപ്പിടിക്കാൻ പറ്റാത്ത ശ്വാസംമുട്ടലിൽ ഞാൻ ഞെരിഞ്ഞമരുന്നു. ജീവിതം വ്യാപിച്ചു കിടക്കുന്നു. സമാധാനത്തിന്റെ മഞ്ഞ് എന്നെയൊന്ന് സ്പർശിക്കുന്നുപോലുമില്ല. സ്വന്തം വിധി ശക്തിയെക്കാളും ജീവിതവിജയത്തേക്കാളും മറ്റുള്ളവരുടെ അഭിപ്രായങ്ങളിൽ മരിച്ച് കിടക്കുന്ന ഒരു മരവിച്ച മനസ്സായിരുന്നു എന്റേത്.

ശാന്തത എങ്ങുമില്ല, ഒരു നിമിഷം അലറുന്ന മനസ്സിനെ പിടിച്ചുനിർത്തി അലിയിപ്പിക്കാനുള്ള മനസ്സാന്നിധ്യവുമില്ല. ഒരു കാലത്ത് തോരണികൾ കൊണ്ടും മുഴക്കങ്ങൾ കൊണ്ടും ആരവങ്ങൾകൊണ്ടും ജ്വലിച്ചു നിന്ന എന്റെ പേര്, പിന്നീട് മാനുഷിക വികാസബുദ്ധിയുടെ പിറകെപ്പോകയാൽ നാശത്തിലേക്ക് അധഃപതിച്ചു. ഇന്ന് ആ പേര് ഒരു തവണയെങ്കിലും എവിടെയെങ്കിലും മുഴങ്ങിക്കേൾക്കാൻ ഞാൻ സ്വപ്നം കാണുന്നു. പക്ഷേ ആ സ്വപ്നവും കൈയും മെയ്യും എത്താത്ത ദൂരത്തേക്ക് എത്തിയിരിക്കുന്നു. വേദനയാകുന്ന വേദനകളോടെ നുറുങ്ങി, നുറുങ്ങിയുള്ള ജീവിതത്തിൽ, ചിരിക്കുന്നതിനുപോലും മറ്റുള്ളവരിൽ ആശ്രയം കണ്ടെത്തേണ്ടതായി വന്നു. കണ്ടെത്താനാവാത്ത ആഴങ്ങളിലേക്ക് ഞാൻ നിപതിക്കുകയായിരുന്നു അപ്പോഴൊക്കെ. ഒരു തോൽവിയെ പോലെയായി, വെറും തോൽവി. ഇപ്പോഴും കരകേറാനാകാതെ വ്യസനിക്കുന്ന ഒരു തോൽവി.

എന്നാൽ പ്രപഞ്ചശക്തിയാകുന്ന നാഥന് ആവശ്യം അത്തരം തോൽവികളെയായിരുന്നു. വീട്ടുകാരുടെ നിർബന്ധത്തിന് വഴങ്ങി ഞാൻ ഒരു ദൈവിക ധ്യാനത്തിൽ പങ്കുചേർന്നു. പക്ഷേ അവിടേയും പ്രലോഭനങ്ങളുണ്ടായിരുന്നു. ആരുമില്ലാത്തവർക്ക് ദൈവം

ഉണ്ടെന്ന സത്യം ഞാൻ എന്നേ മറന്നതാണ്. എന്നാൽ ദൈവം എന്റെ കണ്ണീര് തുടയ്ക്കാൻ വെമ്പുന്നു എന്ന് ഞാൻ കരുതി. പരിശുദ്ധാത്മാവാൽ കത്തിജ്വലിച്ച് പ്രേക്ഷിതനൊന്നും ആയില്ലെങ്കിലും, ജീവിതത്തിൽ അനുഷ്ഠിക്കാറുള്ള വലുതും ചെറുതുമായ തിന്മകൾ കൂടുതൽ ശ്രദ്ധയോടെ തിരുത്തുവാൻ വേണ്ട കരുത്ത് ലഭിച്ചു. അല്പം ശാന്തത മനസ്സിന് കൈവന്നു. ഞാൻ ഒറ്റയ്ക്കല്ല എന്ന ചിന്ത എനിക്ക് കരുത്തുപകർന്നു. എന്നാൽ അവയൊന്നും പോരായിരുന്നു എന്റെ മനസ്സിന് സാന്ത്വനമേകാൻ. അതിൽ ദൈവത്തിന്റെ ശക്തമായ ഇടപെടൽ അനിവാര്യമായിരുന്നു. ധ്യാനത്തിന് ശേഷവും എന്നിൽ പാപക്കറകൾ രൂപപ്പെട്ടു. എന്നാൽ അവയൊക്കെ ജീവന്റെ നാഥന് അർപ്പിച്ച് പ്രാർത്ഥിക്കാൻ എനിക്ക് കരുത്തായി...

ചില നിബന്ധനകൾകൊണ്ടും ശാരീരികമായ നേട്ടങ്ങൾക്കുമായി കണക്ക് പറയുന്ന സ്നേഹാഭിനയങ്ങൾക്കോ സ്നേഹത്തിനോ അപ്പുറത്ത്, അതിരുകളില്ലാത്ത സ്നേഹത്തിന്റെ ആർദ്രഭാവം എനിക്ക് മുമ്പിൽ നിൽക്കുന്ന ദൈവശക്തിക്കുണ്ടെന്ന ബോധ്യം എനിക്ക് ലഭിച്ചു. അവിടുന്ന് വേദനിക്കുന്നവരുടെ ദൈവമാണ്. മനസ്തപിക്കുന്നവന്റെ കർത്താവാണ്, പശ്ചാത്തപിക്കുന്നവന്റെ നാഥനാണ്, എന്റെ രക്ഷകനാണ്...

ആദ്യമൊക്കെ പരുങ്ങലിൽ ആയിരുന്നെങ്കിലും, മുറിയടച്ച് ആ ദൈവത്തോട് പ്രാർത്ഥിക്കുക ഞാൻ ശീലമാക്കി. പുറമേയുള്ള ലോകത്തോട് കാണിക്കാൻ പറ്റാത്ത മുഖഭാവങ്ങളും ഹൃദയത്തിന്റെ തേങ്ങലുകളും ഞാൻ അവിടെ കാണിച്ചു. ഹൃദയം നൊമ്പരപ്പെടുത്തി, ഞാൻ വിങ്ങി വിങ്ങി കരഞ്ഞു. ഒരുപക്ഷേ എന്റെ മുതലക്കണ്ണീരിന് അർത്ഥമില്ലെന്ന് മനസ്സിലാക്കിയ ദേവൻ എന്നെ മാറ്റി നിർത്തിയെന്ന് ഞാൻ കരുതി, ജീവിതവിജയം നേടാനാകാതെ വന്നപ്പോൾ ഞാൻ വീണ്ടും അവിടുത്തെ ചോദ്യം ചെയ്തു. പിശാചിങ്കലേക്ക് തിരിഞ്ഞു. എന്നാൽ എന്നെ വീണ്ടും പല പല ഹേതുക്കളാൽ മതബോധന ക്ലാസ്സുകളാലും തുടർപരാജയങ്ങളിലുള്ള ആശ്വാസവചനങ്ങളാലും എന്നെ വീണ്ടും താങ്ങിപ്പിടിച്ചിരുത്തുന്നു. ദൂരെയെവിടെയോ ആ ആശ്വാസ തീരം ഞാൻ വീക്ഷിക്കുന്നുണ്ട്. എനിക്ക് എത്തിപ്പിടിക്കാൻ പറ്റും വരെ ഞാൻ അധ്വാനിക്കും, പരിശ്രമിക്കും. കർത്താവായ ദൈവത്തിന് സ്തുതി. ■

കവിത

പ്രളയങ്ങളുടെ ഓർമ്മയ്ക്ക്

# പ്രളയം



പ്രളയം പ്രളയം
എല്ലായിടത്തും പ്രളയം
കണ്ണുനീരിന്റെ പ്രളയം
മഴദൈവങ്ങൾ കനിഞ്ഞ
പ്രളയം

എങ്കിലും ദുഃഖം
ഓർമ്മകൾ മറഞ്ഞു പ്രളയത്തിൽ
സ്വപ്നങ്ങൾ ഒഴുകി പ്രളയത്തിൽ
ഒടുവിൽ വന്ന ഒരു
പത്രവാർത്തയ്ക്കിടയിൽ
ഒരു കടലിരമ്പൽ
അതിൽ നിന്നറിഞ്ഞു
ഇനിയും വരുമെന്ന പ്രതീക്ഷയിൽ
പ്രളയം

ഹൃദയത്തിൽ പ്രളയം
വാർത്തകളിൽ പ്രളയം
ഓർമ്മയിൽ പ്രളയം
സ്വപ്നത്തിൽ ഭയമോടെ
പ്രളയം.

മനുഷ്യൻ തൻ നിലവിളികൾ
പ്രളയം എന്ന ഒരു ഒറ്റ ശബ്ദം മാത്രം
പ്രകൃതി ശപിക്കുന്നു
ഇനി ഇവരുടെ നാശം.

തിരമാലകൾ ഉയരുന്നു
കാറ്റ് ആഞ്ഞടിക്കുന്നു
ഇതൊക്കെ അവന്റെ ഓർമ്മയിൽ
മറക്കാതെ നിലനിൽക്കുന്നു.

ഞങ്ങൾ പറയുന്നു
ഞങ്ങളുടെ ഓർമ്മയിൽ നിന്ന്
അതാണ് ഒരു മഹാപ്രളയകാലഘട്ടം.

തൃശ്ശൂർ കോർപ്പറേഷൻ
കൗൺസിലറായി
പുതൂർക്കരയിൽ നിന്ന്
തെരഞ്ഞെടുക്കപ്പെട്ട
ലിറ്റിൽ ഫ്ളവർ യൂണിറ്റ്
വൈസ് പ്രസിഡന്റ്
**മേഫി ഡെൽസന്**

# ആശംസകൾ...



ലിറ്റിൽ ഫ്ളവർ യൂണിറ്റ്

# Sangeerthanam Tower

Events Hall






PEARL, GROUND FLOOR NON A/C HALL



RUBY, 1st FLOOR A/C HALL



COREL, 2nd FLOOR NON A/C HALL

വിവാഹം, വിവാഹ നിശ്ചയം, വാർഷികം, ജന്മദിനം
മാമ്മോദീസ, സെമിനാറുകൾ, കമ്പനി മീറ്റിംഗുകൾ എന്നീ
പരിപാടികൾക്ക് ഹാൾ വാടകയ്ക്ക് നൽകുന്നു.

Sangeerthanam Tower

Near St. Mary's Assumption Church
Ayyanthole, Thrissur - 680 003
Tel : 9447002763, 9847441111

# 1st Death Anniversary





## P.J. MARY

(Retd. Teacher, Govt. School, Ayyanthole)
W/o. (Late) Valakulathil Chacko
Little Road, Snehanilayam, Ayyanthole, Thrissur-3
Phone: 0487-2360166; Mobile: 9995430076
(Holy Trinity Unit)

Born: 24.04.1925 Died: 20.12.2019

*With Loving Memories*
Sorrowing Family

Mercy
Rajiv

Manesh
Sravanthy

Aashka

Subhash
Anie

Marlena Sujith
Ranjith

Ryan & Ria

Lila
Babu (late)

Vivek

Jancy
Ishwar

Vandana & Amit

Suresh
Renny

Jeswin & Jeeval



# ഒരു വിശ്വാസി

സെന്റ് തോമസ് യൂണിറ്റ്

| റജി നമ്പർ | പേര്, വിലാസം |
|---|---|
| 22/2020 - 13.10.2020 | കണ്ണമ്പുഴ ക്രിസ്റ്റഫർ ആന്റു & അനു ജോസ് മകൾ അന്ന ഗ്രെയ്സ് (ഇസ എലെയ്ൻ ക്രിസ്റ്റഫർ) മാമ്മോദീസ - 13.12.2020 |
| 23/2020 - 12.10.2020 | ചാലിശ്ശേരി വളപ്പില റിച്ചുഹാൻസ് & ഹിമ ആന്റോ ടി.മകൾ മറിയം (ജോ ആൻ മേരി റിച്ചു) മാമ്മോദീസ - 26.12.2020 |
| 24/2020 - 18.06.2020 | മാവേലി സൻജു ജോൺ & മരിയ ലൂസി തോമസ് മകൾ ആൻ (താര ആൻ സൻജു) മാമ്മോദീസ - 26.12.2020 |
| 25/2020 - 30.09.2020 | കരിപ്പായി ജോജി പൗലോസ് & ഫ്ളോറ മാത്യു മകൾ മരിയ റോസ് (റബേക്ക ജോജി) മാമ്മോദീസ - 28.12.2020 |
| 09/2019 - 27.12.2008 | റോഷൻ ആന്റോ & മേരി റോഷൻ മകൻ ഡേവിസ് റോഷൻ മാമ്മോദീസ 02.03.2019 |

| | |
|---|---|
| 20.12.2020 | കല്ലുവീട്ടിൽ ലാസർ ജോണി (76) ലിറ്റിൽ ഫ്ളവർ യൂണിറ്റ് |

# ഇടവകയിൽ നിന്നും മാറി പോയവർ

| | |
|---|---|
| 02.04.2020 | തോട്ടത്തിൽ മഴുവഞ്ചേരി അഗസ്റ്റിൻ മകൻ ജോയ് & കുടുംബം (ഹോളിഫാമിലി യൂണിറ്റ്) – ചൊവ്വന്നൂർ ഇടവക |
| 03.04.2020 | മരോട്ടിക്കൽ അബ്രഹാം ഭാര്യ അമ്മിണി (സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്) – അരണാട്ടുകര ഇടവക |
| 30.04.2020 | തേറാട്ടിൽ നിലയാറ്റിങ്കൽ വാവു മകൾ എൽസി – പൊന്നോർ ഇടവക |
| 02.05.2020 | പുത്തിരി തോമസ് മകൻ പ്രിൻസൺ & കുടുംബം (സെന്റ് സേവിയേഴ്സ്) – പെരിഞ്ചേരി ഇടവക |
| 13.05.2020 | കണ്ണമ്പുഴ പെരിഞ്ചേരി ഡൊമിനി ഭാര്യ മേഗി (ലിറ്റിൽ ഫ്ളവർ യൂണിറ്റ്) – പുല്ലഴി ഇടവക |
| 25.07.2020 | കരേരക്കാട്ടിൽ വറീത് മകൻ പൊറിഞ്ചു & കുടുംബം (സെന്റ് ജോസഫ് യൂണിറ്റ്) പള്ളിക്കുന്ന് |
| 24.09.2020 | അറക്കൽ മാറോക്കി ജോൺ മകൻ ജോളി (ആന്റണി) & കുടുംബം – (മഡോണ യൂണിറ്റ്) – മരത്താക്കര |
| 17.10.2020 | പൂവ്വത്തിങ്കൽ വടക്കേത്തല ദേവസ്സി മകൻ ബൈജു & കുടുംബം – കൂത്താട്ടുക്കുളം ഇടവക (പാല രൂപത) |
| 23.10.2020 | ആളൂര് പുളിക്കൻ ചാക്കുണ്ണി മകൻ ജെയിംസ് & കുടുംബം (സെന്റ് സെബാസ്റ്റ്യൻസ് യൂണിറ്റ് ) – ചേറ്റുപുഴ ഇടവക |
| 06.11.2020 | ബ്രഹ്മകുളത്ത് കുഞ്ഞിവാറു മകൻ ചാക്കുണ്ണി & കുടുംബം (ലിറ്റിൽഫ്ളവർ യൂണിറ്റ്) അന്തിനാട് ഇടവക (പാലരൂപത) |
| 18.12.2020 | മാളിയമ്മാവ് വിൻസന്റ് മകൻ റാഫേൽ & കുടുംബം (ഹോളിട്രിനിറ്റി യൂണിറ്റ്) – അമലനഗർ ഇടവക |
| 23.12.2020 | കല്ലുവീട്ടിൽ ജോണി മകൻ സനോഷ് & കുടുംബം (ലിറ്റിൽഫ്ളവർ യൂണിറ്റ്) – തേവയ്ക്കൽ ഇടവക (എറണാകുളം – അങ്കമാലി അതിരൂപത) |

BIBLE QUIZ

ക്വിസ് മാസ്റ്റർ :

**സി. റെജിൻ റോസ് CHF**

## 2021 ജനുവരി മാസത്തെ ബൈബിൾ ക്വിസ്

**പ്രഭാ : 18–22**

1. ദാനത്തെക്കാൾ വിശിഷ്ടമായതെന്ത്?
2. കണ്ണിന്റെ തിളക്കം കെടുത്തുന്നതെന്ത്?
3. നീ ശത്രുക്കൾക്ക് പരിഹാസപാത്രമായിത്തീരുന്നതെപ്പോൾ?
4. തിന്മയിൽനിന്ന് ഒഴിഞ്ഞിരുന്നത് ആര്?
5. എല്ലാ ജ്ഞാനവും അടങ്ങിയിരിക്കുന്നത് എന്തിലാണ്?
6. നിയമം ധിക്കരിക്കുന്ന ബുദ്ധിമാനേക്കാൾ ഭേദം എന്താണ്?
7. മനുഷ്യന്റെ സത്ത്വം വെളിപ്പെടുത്തുന്നതെന്ത്?
8. അനിയന്ത്രിതമായ ജീവിത സാരഥ്യത്തേക്കാൾ ഭേദം എന്താണ്?
9. തന്നെത്തന്നെ മലിനനാക്കുന്നത് ആര്?
10. കവിഞ്ഞൊഴുകുന്ന നദിപോലെ പെരുകുന്നതെന്ത്?

## 2020 ഡിസംബർ മാസത്തെ ക്വിസ് ശരിയുത്തരങ്ങൾ

| | |
|---|---|
| 1. | ദെക്കാപ്പോളിസിൽ |
| 2. | ജായ്റോസ് |
| 3. | യേശു ജനക്കൂട്ടത്തിനു നേരെ |
| 4. | സിനഗോഗധികാരിയോട് |
| 5. | അവൻ നീതിമാനും വിശുദ്ധനുമാണെന്ന് അറിഞ്ഞിരുന്നതുകൊണ്ട്. |
| 6. | യേശു അപ്പസ്തോലന്മാരോട് |
| 7. | ഫരിസേയരും നിയമജ്ഞരും |
| 8. | കൊർബ്ബാൻ |
| 9. | ഫരിസേയർ |
| 10. | യേശു പത്രോസിനോട് |

## 2020 ഡിസംബർ മാസത്തെ ശരിയുത്തരം അയച്ചവർ

1. സിസിലി അബ്രാഹം - സെന്റ് ജോസഫ് യൂണിറ്റ്
2. മേഴ്സി ജെസീന്റോ - സെന്റ് തോമാസ് യൂണിറ്റ്
3. ജിപ്സി റാഫി - സെന്റ് തോമാസ് യൂണിറ്റ
4. ഡെയ്സി അന്തപ്പൻ - സെന്റ് മേരീസ് യൂണിറ്റ്

നറുക്കെടുപ്പിലൂടെ സമ്മാനത്തിനർഹയായത്

**സിസിലി അബ്രാഹം**

സെന്റ് ജോസഫ് യൂണിറ്റ്

## അടിക്കുറിപ്പു മത്സരം



അടിക്കുറിപ്പ്:..............................................................................................

..............................................................................................

പേര് ..............................................................................................

വീട്ടുപേര് ..............................................................................................

കുടുംബക്കൂട്ടായ്മ ..............................................................................................

ഈ ചിത്രത്തിനു അനുയോജ്യമായ അടിക്കുറിപ്പു തയ്യാറാക്കി (സ്വന്തം കൈപ്പടയിൽ എഴുതി) ഫെബ്രുവരി 5-ാം തിയ്യതിക്കുമുൻപ് പാരിഷ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കണം.
ഏറ്റവും നല്ല അടിക്കുറിപ്പിനു സമ്മാനം ഉണ്ടായിരിക്കുന്നതാണ്.
(പ്രായഭേദമന്യേ എല്ലാവർക്കും പങ്കെടുക്കാവുന്നതാണ്)



ഒന്നും നോക്കാനില്ല കണ്ണും പൂട്ടി മിന്നി ച്ചോ.........................മാസ്ക് വെയ്ക്കാൻ മറക്കല്ലേ.

**മേഴ്സി ജെസിന്റോ**

സെന്റ് തോമസ് യൂണിറ്റ്



2,00,000+
സംതൃപ്ത കുടുംബങ്ങൾ
Chavara Matrimony.com
World's No.1 Christian Matrimonial
വിവാഹം ദൈവഹിതം പോലെ
5 ലക്ഷം+ ക്രിസ്ത്യൻ പ്രൊഫൈലുകൾ
CHAVARA FAMILY WELFARE CENTRE
H.O. Chavara Cultural Centre, Kochi
25 BRANCHES IN KERALA, BANGALORE, COIMBATORE, MUMBAI & DELHI
THRISSUR 99957 77576
Fr. Roby Kannanchira CMI
Johnson C. Abraham
FREE
30 DAYS
99 6174 44 44
04844080333
1800 103 4080




HYGIENE + SERIES

Antibacterial | 100% Virgin | 10 Years Warranty | 4 Layer Tank
Most Modern Designs | QC Inspected, Tested and Sealed

HYGIENE + SERIES

**OCEAN POLYMER TECHNOLOGIES PVT. LTD.**
V/35A, Marar Road, Velappaya Medical College P.O, Thrissur-680 596.
Phone: 0487- 2202787 / 88 / 8137009888 / 8137978880
www.oceangroup.net.in • email: enquiry@oceangroup.net.in

**FOR TRADE ENQUIRIES**
**CALL: 0487- 2202787**
CUSTOMER CARE : 8137009888